
# ചിത്രങ്ങളുടെ കഥ

97



കെ. ടി. രാമവർമ്മ

# ചിത്രങ്ങളുടെ കഥ

കെ.ററി.രാമവർമ്മ

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

അന്താരാഷ്ട്ര ശിശുവർഷം പ്രമാണിച്ച്
കേരള ശാസ്ത്രസാഹിത്യപരിഷത്ത് കൊച്ചു കൂട്ടുകാർക്ക്
സമർപ്പിക്കുന്ന ഉപഹാരമാണ് സയൻസ്ക്രീം.

നാം ജീവിക്കുന്ന ഈ മഹാപ്രപഞ്ചത്തെക്കുറിച്ചും
ലക്ഷക്കണക്കിനു വർഷങ്ങളായി ഈ പ്രപഞ്ചരഹസ്യങ്ങളുമായി
മല്ലടിച്ചും ഇടപഴകിയും വികസിച്ചുവന്ന മനുഷ്യ
സമൂഹത്തെക്കുറിച്ചും മനുഷ്യനെ അജയ്യനാക്കുന്നതിൽ
ഏററവും പ്രമുഖമായ പങ്കു വഹിച്ചിട്ടുള്ള ശാസ്ത്രത്തെക്കുറിച്ചും
പൊതുവായ ഒരു ചിത്രം കൂട്ടുകാർക്ക് കാണിച്ചു
തരാനാണ് ഈ പുസ്തകങ്ങളിലൂടെ ഞങ്ങൾ ശ്രമിച്ചിട്ടുള്ളത്.

ഭാവിയുടെ വാഗ്ദാനങ്ങളായ കൊച്ചു കൂട്ടുകാരെ കൂടുതൽ
മിടുക്കന്മാരും മിടുക്കികളുമാക്കിത്തീർക്കുവാൻ
ഈ സംരംഭം ഉതകുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

പ്രസിദ്ധീകരണസമിതി
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.

വില 3 50

CHITRANGALUDE KATHA
(Malayalam)
K.T. Ramavarma
First Published November 1979
Published and distributed by
Kerala Sastra Sahitya Parishad, Trivandrum 695 001
Type Set: Geo Printers, Prathibha Printers
Printed at: Papco, Sivakasi
Copy Right: Kerala Sastra Sahitya Parishad–1979
Cover: Illustrations: Vijayan Neyyattinkara
Price Rs. 3-50

KSSP 097/79 $SC_5$ D/8 1/12000

# ചിത്രങ്ങളുടെ ലോകത്തിലേക്ക്

കൂട്ടുകാരേ, നിങ്ങൾക്കെല്ലാവർക്കും ചിത്രങ്ങൾ കാണാൻ ഇഷ്ടമല്ലേ? എന്താ സംശയം അല്ലേ? കുട്ടികൾക്കും വലിയവർക്കും എല്ലാം ചിത്രങ്ങൾ ഇഷ്ടമാണ്. ചിത്രങ്ങൾ ഇല്ലാത്ത ഒരു ലോകത്തെക്കുറിച്ച് ഒന്നോർത്തുനോക്കൂ. ഒററ ചിത്രം പോലുമില്ലാത്ത പാഠപുസ്തകങ്ങൾ, ചിത്രങ്ങളൊന്നുമില്ലാത്ത പത്രമാസികകൾ...ഛെ! ആലോചിക്കാൻ കൂടിവയ്യ. അല്ലേ കൂട്ടുകാരേ. ചിത്രങ്ങൾ നമ്മുടെ കണ്ണിനു കുളിരേകുന്നു. മനസ്സിനെ ആനന്ദിപ്പിക്കുന്നു.


നിങ്ങളിൽ ചിലർ നല്ല ചിത്രങ്ങൾ വരയ്ക്കാൻ കഴിവുള്ളവരായിരിക്കും...ചിത്രം വരയ്ക്കാൻ മിടുക്കില്ലാത്ത കൂട്ടുകാർക്കും നല്ല ചിത്രങ്ങൾ കണ്ടുരസിക്കാൻ ഇഷ്ടമായിരിക്കും.



ആ. അതിരിക്കട്ടെ. കൂട്ടുകാർ ഏതെല്ലാം തരത്തിലുള്ള ചിത്രങ്ങളാണ് കണ്ടിട്ടുള്ളത്? ഒന്നോർത്തുനോക്കിയാട്ടെ. അതാ ആ ചുമരിൽ തൂങ്ങുന്ന കലണ്ടറിൽ ഒരു ചിത്രം. രണ്ടു കൊച്ചുകുട്ടികൾ ഒരു പൂച്ചക്കുട്ടിയെ കളിപ്പിച്ചുകൊണ്ടിരിക്കുന്ന ചിത്രം! നല്ല ഭംഗിയുണ്ട്. അല്ലേ? പിന്നെ ഏതൊക്കെത്തരം ചിത്രങ്ങളാണ് കൂട്ടുകാർ കാണാറുള്ളത്? നിങ്ങളുടെ പാഠപുസ്തകങ്ങളിൽ ധാരാളം ചിത്രങ്ങളില്ലേ? പഠിക്കാനുള്ള വിഷയങ്ങൾ കൂടുതൽ എളുപ്പത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന ചിത്രങ്ങൾ. മഹാൻമാരുടെ ഛായാചിത്രങ്ങൾ. അങ്ങനെ ധാരാളം ചിത്രങ്ങൾ. അല്ലേ? പത്രമാസികകളിലും ധാരാളം ചിത്രങ്ങൾ കാണാം. ചില ചിത്രങ്ങൾ വർണചിത്രങ്ങളായിരിക്കും. ചിലത് കറുത്ത വരകൾ മാത്രമുള്ള ചിത്രങ്ങളായിരിക്കും. ചിലത് കൈകൊണ്ട് വരച്ച ചിത്രങ്ങളായിരിക്കും. ചിലത് ക്യാമറകൊണ്ടെടുത്ത ഫോട്ടോകളായിരിക്കും....


പലതരം ചിത്രങ്ങൾ. ഓരോതരം ചിത്രങ്ങളുടെയും ഉദ്ദേശ്യവും വേറെ വേറെയായിരിക്കും. കൂട്ടുകാർ സ്കൂളിലേക്കു പോകുമ്പോൾ വഴിയരുകിൽ ധാരാളം ചിത്രങ്ങൾ കാണാറില്ലേ? ദാനോക്കൂ... ഒരു വില്ലൻ നായകനുമായി ഗുസ്തി കൂടുന്ന ഒരു വ







വരുന്നു!
ജോവിയൽ ഫിലിംസ്
തകര
കളർ

1976

ലിയ ചിത്രം! ആ. അതെന്തു ചിത്രമാണ്? അത് ഏതോ സിനിമയുടെ പോസ്ററാണ്. പിന്നെ, ഒരാം ചായകുടിച്ചു രസിക്കുന്ന ഒരു ചിത്രം കണ്ടില്ലേ? അത് ഏതോ ഒരിനം തേയിലയുടെ പരസ്യമാണ്. പിന്നെയും ധാരാളം ചിത്രങ്ങാം വഴിയരുകിൽ കാണാം. തലവേദന മാററുന്ന മരുന്നിൻെറയും, നല്ല ഇനം കാലിത്തീററയുടെയും, പുതിയ ഇനം വസ്ത്രങ്ങളുടെയുമൊക്കെ ചിത്രങ്ങാം. ഇനി തീവണ്ടിസ്റേറഷനിലും ബസ്സ്ററാൻറിലുമൊക്കെ പോയാലോ? അവിടെയും കാണാം പലതരം ചിത്രങ്ങാം. അതാ തീവണ്ടിസ്റേറഷൻെറ ചുമരിൽ ഒരു ചിത്രം പതിച്ചിരിക്കുന്നു. ചവിട്ടുപടിയിൽ നിന്നുകൊണ്ട് യാത്രചെയ്ത ഒരാം താഴെവീണു തല പൊട്ടിക്കിടക്കുന്നതിൻെറ ചിത്രം. അതിനു ചുവട്ടിൽ എന്താണെഴുതിയിരിക്കുന്നത്? "ചവിട്ടു പടിയിൽ കയറിനിന്ന് യാത്ര ചെയ്യുന്നത് അപകടമാണ്" എന്ന്. ഇനി അതാ വേറൊരു ചിത്രം! ഒരാളുടെ കീശയിലുള്ള പേഴ്സ് മറെറാരാം സൂത്രത്തിൽ തട്ടിയെടുക്കുന്നതിൻെറ ചിത്രം. അതിനു ചുവട്ടിൽ, "പോക്കററടിക്കാരെ സൂക്ഷിക്കുക" എന്നെഴുതിയിരിക്കുന്നു.

ഇനി വാരികകളിലും പത്രങ്ങളിലുമൊക്കെ കാണുന്ന മറെറാരുതരം ചിത്രങ്ങളുണ്ട്. കാർട്ടൂണുകാം എന്നു വിളിക്കുന്ന നേരമ്പോക്കു ചിത്രങ്ങാം. കൂട്ടുകാർ പല കാർട്ടൂൺ ചിത്രങ്ങളും താൽപ്പര്യപൂർവം നോക്കാറുണ്ടാവും അല്ലേ? മലയാളമനോരമ ആഴ്ചപ്പതിപ്പിൽ പതിവായി കാണാറുള്ള ബോബനേയും മോളിയേയും കൂട്ടുകാർക്ക് ഓർമ്മയില്ലേ? അതുപോലെ, മാതൃഭൂമി പത്രത്തിൽ ഇടയ്ക്കൊക്കെ കാണാറുള്ള നാണിയമ്മയേയും മനോരമ പത്രത്തിൽ കാണാറുള്ള കുഞ്ചുക്കുറുപ്പിനെയും മിക്ക കൂട്ടുകാർക്കും പരിചയം കാണും. ഇവയൊക്കെ കാർട്ടൂൺ ചിത്രങ്ങളാണ്.



അപ്പോാം, വീട്ടിലും വഴിയരികിലും പാഠപുസ്തകങ്ങളിലും തീവണ്ടിസ്റേറഷനിലുമെല്ലാം ചിത്രങ്ങാം കാണാം. എവിടെയും ചിത്രങ്ങാം! ആയിരം വാക്കുകാം ഉപയോഗിച്ച് ഒരു കാര്യം വിവരിക്കുന്നതിനു പകരം ഒരു ചെറിയ ചിത്രം കൊടുത്താൽ മതി എന്നു പറയാറുണ്ട്. ഇതിൽ നിന്നുതന്നെ ചിത്രങ്ങാംക്ക് നമ്മുടെ ജീവിതത്തിൽ എത്ര വലിയ പ്രാധാന്യമാണുള്ളത് എന്ന കാര്യം വ്യക്തമാണ്.

നേരത്തെ പറഞ്ഞ ചിത്രങ്ങാംക്കു പുറമെ, പ്രശസ്തരായ അനേകം ചിത്രകാരൻമാർ വരച്ച പ്രസിദ്ധമായ ചിത്രങ്ങളുമുണ്ട്. ലിയനാർദോ ദാവിഞ്ചി, മൈക്കലാഞ്ജലോ, റാഫേൽ, പിക്കാസോ എന്നീ പ്രസിദ്ധ ചിത്രകാരൻമാരെക്കുറിച്ച് കൂട്ടുകാ

രിൽ ചിലരെങ്കിലും കേട്ടിരിക്കും. ഇവരെല്ലാം ലോക പ്രശസ്ത രായ ചിത്രകാരൻമാരായിരുന്നു. അവരുടേയെല്ലാം ചിത്രങ്ങൾ അനേകമനേകം വർഷങ്ങളായി മനുഷ്യർക്ക് ആഹ്ളാദമരുളി വരുന്നു. കൂട്ടുകാർ വലുതാവുമ്പോൾ അവരുടെയെല്ലാം ചിത്രങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കാനും മനസ്സിലാക്കുവാനും അവസരം ലഭിക്കും.

കൂട്ടുകാരെ, ഇനി ചേട്ടൻ ഒരു സ്വകാര്യം പറയാം. ചിത്രങ്ങളുമായി കുട്ടികൾക്കുള്ളത്ര അടുപ്പം മുതിർന്നവർക്കില്ല. ക്ളാസിൽ പഠിപ്പിക്കുന്ന ടീച്ചർ കഥകൾ പറയുമ്പോഴും മററുള്ളവർ സംസാരിക്കുന്നതു കേൾക്കുമ്പോഴുമൊക്കെ നിങ്ങൾ മനസ്സിൽ ചിത്രങ്ങൾ കാണാറില്ലേ? ഇങ്ങനെ, മനസ്സിൽ ചിത്രങ്ങൾ കാണാൻ കഴിവുള്ളവരാണ് വലിയ കവികളും കഥയെഴുത്തുകാരും ശിൽപ്പികളും ചിത്രകാരൻമാരുമായിത്തീരുന്നത്. അതുകൊണ്ട് ചേട്ടൻെറ പ്രിയപ്പെട്ട കൂട്ടുകാർ, വളർന്നു വലുതാവുമ്പോൾ മനസ്സിൽ ചിത്രങ്ങൾ കാണാനുള്ള കഴിവ് നഷ്ടപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണേ.

6 ചിത്രങ്ങൾ കണ്ടു മനസ്സിലാക്കാൻ മുതിർന്നവരെക്കാൾ കഴിവ് കുട്ടികൾക്കാണ് എന്നു പറഞ്ഞില്ലേ? ഇതിന് ഉദാഹരണമായി ഒരു കഥ പറയാം. പിക്കാസോ എന്ന പ്രസിദ്ധ ചിത്രകാരൻ, ഒരിക്കൽ 'വോളാർ' എന്നു പേരായ ഒരു കച്ചവടക്കാരൻെറ ഒരു ചിത്രം വരച്ചു. 'ക്യൂബിസം' എന്നു വിളിക്കുന്ന ഒരു പ്രത്യേകതരം ശൈലിയിലാണ് പിക്കാസോ ആ ചിത്രം വരച്ചത്. ഈ ശൈലിയിലുള്ള ചിത്രം കണ്ടാൽ, അത് എന്തിൻെറ ചിത്രമാണ് എന്ന് മനസ്സിലാക്കുക എളുപ്പമല്ല. പിക്കാസോ വരച്ച ആ ചിത്രം, വോളാറിൻെറ പീടികയിൽ വച്ചിരുന്നു. പീടികയിൽ വന്ന പലരും വോളാറിനോടു ചോദിച്ചു. "ഇത് എന്തിൻെറ ചിത്രമാണ് സർ"? ആർക്കും മനസ്സിലായില്ല. അങ്ങനെയിരിക്കെ ഒരു ദിവസം, നാലഞ്ചു വയസ് പ്രായം വരുന്ന ഒരു കുട്ടി, അവൻെറ അച്ഛനമ്മമാരോടൊപ്പം വോളാറിൻെറ കടയിൽ വരാനിടയായി. ചിത്രത്തിലേക്കു വിരൽ ചൂണ്ടിക്കൊണ്ട് ആ കുട്ടി പറഞ്ഞു: "നോക്കൂ അച്ഛാ, ഇതാ. ഇത് വോളാറിൻെറ ചിത്രമാണ്"! വലിയവർക്കുപോലും മനസ്സിലാക്കാൻ കഴിയാത്ത ആ ചിത്രം മനസ്സിലാക്കാൻ ആ കൊച്ചു കുട്ടിക്കു കഴിഞ്ഞു....ഇത് ശരിക്കും നടന്ന കഥയാണ് കേട്ടോ കൂട്ടുകാരെ..

ഇനി നമുക്ക് ചിത്രങ്ങളെക്കുറിച്ച് മററു ചില കാര്യങ്ങളൊക്കെ മനസ്സിലാക്കാം.

# ചിത്രങ്ങൾ പണ്ട്

എന്നു മുതലാണ് മനുഷ്യർ ചിത്രങ്ങൾ വരച്ചു തുടങ്ങിയത്? ആരാണ് ആദ്യമായി ചിത്രങ്ങൾ വരച്ചു തുടങ്ങിയത്? പണ്ടുകാലത്തെ ചിത്രങ്ങൾ ഇന്നത്തെപ്പോലെ തന്നെയായിരുന്നോ? ഈ കാര്യങ്ങളൊക്കെ അറിയാൻ കൂട്ടുകാർക്ക് കൗതുകം തോന്നുന്നില്ലേ?

ആരാണ് ആദ്യം ചിത്രങ്ങൾ വരച്ചതെന്നോ എന്നു മുതലാണ് മനുഷ്യർ ചിത്രങ്ങൾ വരച്ചുതുടങ്ങിയതെന്നോ ആർക്കും കൃത്യമായി അറിയില്ല. എങ്കിലും പഴയകാലത്തെ ചിത്രങ്ങളെക്കുറിച്ച് നമുക്ക് പലതുമറിയാം.

പണ്ടു പണ്ട്, ഏതാണ്ട് ഇരുപതിനായിരം കൊല്ലം മുമ്പ്, നമ്മുടെ മുതുമുത്തച്ഛൻമാരിൽ ചിലർ ഗുഹകളിൽ താമസിച്ചിരുന്നു. ആ മുതുമുത്തച്ഛൻമാരും ആൾക്കുരങ്ങൻമാരും തമ്മിൽ കാഴ്ചയിലും ജീവിതരീതിയിലുമെല്ലാം ഏതാണ്ട് ഒരുപോലെയായിരുന്നു. പക്ഷെ അവർ തമ്മിൽ പല വ്യത്യാസങ്ങളുമുണ്ടായിരുന്നു. അതിൽ ഒരു വ്യത്യാസം എന്തായിരുന്നുവെന്നോ?

നമ്മുടെ മുതുമുത്തച്ഛൻമാർ ചിത്രം വരച്ചിരുന്നു എന്നതു തന്നെ. ആ മുതുമുത്തച്ഛൻമാർ താമസിച്ചിരുന്ന ചില ഗുഹകൾ കണ്ടെത്തിയിട്ടുണ്ട്. ചില ഗുഹകൾ തെക്കൻ ഫ്രാൻസിൽ; മററു ചില ഗുഹകൾ സ്പെയിനിൽ. ഇങ്ങനെ കണ്ടുപിടിച്ചിട്ടുള്ള ഗുഹകളിൽ ചിലതിന്റെ ചുവരിൽ ചിത്രങ്ങളുണ്ട്. മുമ്പോട്ടു കുതിച്ചുപായുന്ന ഈ കാട്ടുപോത്തിന്റെ ചിത്രം (1) നോക്കൂ.

ഈ ചിത്രം ശ്രദ്ധിച്ചു നോക്കൂ. കാണാനെന്തൊരു രസം, അല്ലേ? വരകളുടെ വടിവു കണ്ടോ? ഈ ചിത്രം വരച്ച ആൾ ഒരു നല്ല ചിത്രകാരനായിരുന്നു. തീർച്ച! ചിത്രം വരയ്ക്കാൻ ചെങ്കല്ലും ചെറിയ മരക്കോലും മററുമായിരിക്കണം അയാൾ ഉപയോഗിച്ചത്. അക്കാലത്ത് ചായപ്പെൻസിലും പേനയും ഒന്നുമുണ്ടായിരുന്നില്ല കേട്ടോ കൂട്ടുകാരെ!



ചിത്രം 1

ഇതുപോലുള്ള പല ചിത്രങ്ങളും ആ ഗുഹകളിലുണ്ട്: മാനിന്റെ ചിത്രങ്ങൾ, പണ്ടുകാലത്ത് ജീവിച്ചിരുന്ന 'മാമത്ത്' എന്നൊരു തരം ആനയുടെ ചിത്രം. അങ്ങനെയങ്ങനെ പല ചിത്രങ്ങളും. പണ്ടു പണ്ടു കാലത്തെ ചിത്രങ്ങളിൽ അധികവും മൃഗങ്ങളുടെ ചിത്രങ്ങളായിരുന്നു. അന്ന് നമ്മുടെ മുതുമുത്തച്ഛൻമാർ വന്യമൃഗങ്ങളെ വേട്ടയാടിയാണ് ജീവിച്ചിരുന്നത്. തങ്ങൾ വേട്ടയാടുന്ന മൃഗങ്ങളുടെ ചിത്രങ്ങൾ ഗുഹയുടെ ചുമരുകളിൽ വരച്ചിടുക എന്നത് അവരുടെ പതിവായിരുന്നുവത്രെ.




ഈ ചിത്രങ്ങളെല്ലാം വരച്ചത് ഒരേ കാലത്താവില്ല. എന്നാൽ അവയെല്ലാം തന്നെ ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. തനി പ്രാകൃതൻമാരായി കഴിഞ്ഞിരുന്നപ്പോഴും മനുഷ്യർക്കു ചിത്രങ്ങൾ വരയ്ക്കാനും കണ്ടുരസിക്കാനും ഉള്ള കഴിവുണ്ടായിരുന്നു. ആർക്കറിയാം. ഒരുപക്ഷെ സംസാരിക്കാൻ തുടങ്ങുന്നതിനുമുമ്പു തന്നെ മനുഷ്യർ ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങിയിരിക്കാം.

ഈജിപ്തിലെ പിരമിഡുകളെപ്പററി കൂട്ടുകാർ കേട്ടിട്ടില്ലേ? പിരമിഡുകളുടെ ഉള്ളറകളിൽ നിരവധി ചിത്രങ്ങളുണ്ട്. പിരമിഡിനുള്ളിൽ അടക്കം ചെയ്തിരിക്കുന്ന ആൾ ജീവിച്ചിരുന്ന കാലത്തു ചെയ്ത പ്രവൃത്തികളാണ് ആ ചിത്രങ്ങളിൽ കാണിച്ചിരിക്കുന്നത്. ചില പിരമിഡുകളിൽ ചിത്രങ്ങൾക്കുപകരം പ്രതിമകളാണുള്ളത്. (പ്രതിമകൾ കട്ടിയുള്ള ചിത്രങ്ങൾ മാത്രമാണല്ലോ!) ചിത്രം 2 നോക്കൂ, ഇത് പിരമിഡുകൾക്കുള്ളിൽ നിന്നു കിട്ടിയ ഒരു പ്രതിമയാണ്. ഇത് രമേസെസ് രണ്ടാമൻ

എന്നു പേരായ ഒരു രാജാവിന്റേതാണത്രെ. ഉദ്ദേശം മൂവായിരം കൊല്ലം മുമ്പ് ഈജിപ്റ്റ് ഭരിച്ചിരുന്നത് ഇദ്ദേഹമാണത്രെ!

നമ്മുടെ രാജ്യത്ത് പണ്ടുപണ്ടുകാലത്ത് താമസിച്ചിരുന്ന മനുഷ്യരെപ്പററിയുള്ള ആദ്യത്തെ തെളിവുകൾ കിട്ടിയിട്ടുള്ളത് സിന്ധുനദിയുടെ തടത്തിലുള്ള രണ്ടു സ്ഥലങ്ങളിൽനിന്നാണ്; ഹാരപ്പയിൽ നിന്നും മോഹൻജദാരോയിൽ നിന്നും. അവിടങ്ങളിൽ



ചിത്രം 2

നിന്ന് അനേകം കളിമൺ പ്രതിമകൾ കിട്ടിയിട്ടുണ്ട്; ചിത്രങ്ങൾ കിട്ടിയിട്ടില്ല. ഒരുപക്ഷേ ചിത്രങ്ങളും പണ്ടുണ്ടായിരുന്നിരിക്കാം. അവ കാലപ്പഴക്കംകൊണ്ട് നശിച്ചുപോയതാവാം. ചിത്രങ്ങൾ പ്രതിമകളെക്കാൾ വേഗത്തിൽ നശിച്ചുപോകുമല്ലോ.

ഗ്രീസിൽ നിന്ന് അനേകം ചെറിയ മൺപാത്രങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ആ മൺപാത്രങ്ങൾക്ക് ഉദ്ദേശം രണ്ടായിരത്തഞ്ഞൂറുകൊല്ലത്തെ പഴക്കമുണ്ട്. അവയിൽ ചെറിയ ചിത്രങ്ങൾ കാണാം; വളരെ ഭംഗിയുള്ള ചിത്രങ്ങൾ. ജോൺ കീററ്സ് എന്ന ഇംഗ്ലീഷ് കവിയുടെ ഒരു കവിതയിൽ ആ ചിത്രങ്ങളെപ്പററി പറയുന്നുണ്ട്. 'ഒരു ഗ്രീക്കു മൺപാത്രത്തോട്' (Ode to Grecian urn) എന്നാണ് കീററ്സിൻെറ കവിതയുടെ പേര്. വലുതാവുമ്പോൾ കീററ്സിൻെറ ആ കവിത നിങ്ങൾ വായിക്കണം. കേട്ടോ കൂട്ടുകാരേ!





ചിത്രം 3

രണ്ടായിരം കൊല്ലം മുമ്പ് ഇററലിയിലെ വെസൂവിയസ് എന്ന അഗ്നിപർവ്വതം വളരെ ഭയങ്കരമായ രീതിയിൽ പൊട്ടിത്തെറിച്ചു. അഗ്നിപർവ്വതത്തിൽ നിന്നൊഴുകിയ ലാവ, പോംപെ, ഹെർക്കുലേനിയം എന്നീ രണ്ടു പട്ടണങ്ങളെ അപ്പാടെ മൂടി. ആ പട്ടണങ്ങളിൽ താമസിച്ചിരുന്നവരിൽ മിക്കവരും ലാവയുടെ അടിയിൽ പെട്ടു മരിച്ചു. ചുരുക്കം ചിലർ ഓടി രക്ഷപെട്ടു. പോംപെയിലേയും ഹെർക്കുലേനിയത്തിലേയും കെട്ടിടങ്ങൾ രണ്ടായിരം കൊല്ലം ലാവ മൂടിക്കിടന്നു. രണ്ടായിരം കൊല്ലം കഴി



ചിത്രം 4

ഞ്ഞു കുഴിച്ചുനോക്കിയപ്പോൾ കെട്ടിടങ്ങളൊന്നും നശിച്ചിട്ടില്ല. എല്ലാം അതേപടിയുണ്ട്. കെട്ടിടങ്ങളുടെ ചുവരുകളിലെ ചിത്രങ്ങൾ പോലും. ചിത്രം 3 നോക്കൂ. ഇത് പോംപെയിലെ ഒരു ചുവർ ചിത്രമാണ്.

കാട്ടുപോത്തിന്റെ ചിത്രത്തിൽ കണ്ട ആ ഗുണമില്ലേ, വരകളുടെ വടിവ്. അത് ഈ ചിത്രത്തിലും കാണുന്നില്ലേ? മറ്റൊരു കാര്യം. ഒരു സ്ത്രീയേയും പുരുഷനേയുമാണല്ലോ ചിത്രത്തിൽ കാണുന്നത്. ആ സ്ത്രീയും പുരുഷനും ഒരുകാലത്തു ജീവിച്ചിരുന്നവർ തന്നെയാണെന്നു നിങ്ങൾക്കു തോന്നുന്നില്ലേ? അതിന്റെ അർത്ഥം പോംപെ പട്ടണത്തിൽ താമസിച്ചിരുന്നവർ മനുഷ്യരുടെ ഛായ ചിത്രത്തിൽ വരുത്താൻ, അതായത് ഛായാചിത്രങ്ങൾ വരയ്ക്കാൻ പഠിച്ചു കഴിഞ്ഞിരുന്നുവെന്നാണ്. ഇന്നത്തെപ്പോലെ, ഫോട്ടോ എടുക്കുന്നഏർപ്പാട് അക്കാലത്ത് ഉണ്ടായിരുന്നില്ലെന്നു കൂട്ടുകാർ ഓർക്കുമല്ലോ. ഫോട്ടോകൾ ഉണ്ടായിട്ട് കഷ്ടിച്ചു നൂറ്റിയിരുപതു കൊല്ലമേ ആയിട്ടുള്ളു. ഒരാളുടെ ഛായ ഓർമ്മിക്കാൻ പണ്ടൊക്കെ ചിത്രം വരയ്ക്കുക മാത്രമേ വഴിയുണ്ടായിരുന്നുള്ളൂ. പ്രമാണിമാർ ധാരാളം പണം കൊടുത്ത് ചിത്രകാരൻമാരെക്കൊണ്ടു തങ്ങളുടെ ചിത്രങ്ങൾ വരപ്പിക്കുകയും ചെയ്തിരുന്നു.

12

പ്രസിദ്ധമായ അജന്താ ഗുഹകളെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ, കൂട്ടുകാരേ? ആന്ധ്രപ്രദേശത്തിലാണ് അവ. വെളിച്ചം കടക്കാത്ത നൂറിലധികം ഗുഹകൾ. എല്ലാം ഒരു കുന്നിന്റെ ചരിവിൽ. ആ ഗുഹകളുടെ ചുവരുകളിൽ ആയിരത്തിഅറുനൂറു കൊല്ലം മുമ്പു ജീവിച്ചിരുന്ന ഏതോ ചില ചിത്രകാരൻമാർ അനേകം ചിത്രങ്ങൾ വരച്ചിട്ടുണ്ട്. ആ ചിത്രങ്ങൾ കാണണമെങ്കിൽ ചൂട്ടോ വൈദ്യുതടോർച്ചോ കൈയ്യിലെടുത്ത് ഗുഹകൾക്കകത്തു പോയി ചുവരുകൾ പരിശോധിക്കണം. ഇവിടെ കൊടുത്തിരിക്കുന്ന ബുദ്ധന്റെ ചിത്രം (ചിത്രം 4) അജന്തായിലെ ഗുഹകളിലുള്ളതാണ്. ബുദ്ധമതക്കാരനായിരുന്ന നമ്മുടെ ഏതോ മുത്തഛൻ വരച്ചതാണ്.

# ചിത്രകാരൻെറ വിരലുകൾ

നിങ്ങൾക്കു ചിത്രം വരയ്ക്കാനറിയാമോ, കൂട്ടുകാരേ? എന്തൊരു ചോദ്യം, അല്ലേ? ചിത്രം വരയ്ക്കാനറിയാത്ത കുട്ടികളുണ്ടോ! ശരിയാണ്. കുട്ടികൾ മുതിർന്നവരേക്കാൾ വലിയ ചിത്രകാരൻമാരാണ്. വെള്ളയടിച്ച ഒരു ചുവരുകണ്ടാൽ, ഒരു കഷണം കടലാസു കണ്ടാൽ, അതിൻമേൽ എന്തെങ്കിലും ചിത്രം കുത്തിക്കുറിക്കാത്ത ഏതെങ്കിലും കുട്ടികളുണ്ടോ? ഓരോരുത്തരും അവരവർക്ക് ഇഷ്ടപ്പെട്ട സാധനങ്ങളുടെയോ ജീവികളുടെയോ ചിത്രം വരയ്ക്കുന്നു. നിങ്ങളുടെ പ്രായത്തിൽ ഈ ചേട്ടൻ ആനകളുടെ ധാരാളം ചിത്രങ്ങൾ വരച്ചിട്ടുണ്ട്. എന്താണ് കാരണം എന്നറിയുമോ? ചേട്ടന് ആനകളെ വലിയ ഇഷ്ടമായിരുന്നു. അതു തന്നെ.

എന്നാൽ എല്ലാവരും വരയ്ക്കുന്ന ചിത്രങ്ങൾ ഒരുപോലെയാകാറില്ല, അല്ലേ? ചിലരുടെ ചിത്രങ്ങൾ കണ്ടാൽ നമ്മൾ പറയും, "ഹായ്! അസ്സലായിട്ടുണ്ടല്ലോ!" മററു ചിലരുടെ ചിത്രങ്ങൾ കണ്ടാൽ, "അയ്യേ! മോശം!" എന്നാണ് പറയുക. ഇങ്ങിനെ ചിലരുടെ ചിത്രങ്ങൾ നല്ലതാണെന്നും ചിലരുടെ ചിത്രങ്ങൾ മോശമാണെന്നും തോന്നാൻ കാരണമെന്താണ്? 

ഒരു ചിത്രകാരന് വേണ്ട ഏററവും പ്രധാനപ്പെട്ട ഗുണം എന്താണെന്നറിയാമോ കൂട്ടുകാർക്ക്. പതറാത്ത വിരലുകൾ. നല്ല ചിത്രകാരൻെറ വിരലുകൾ ഒരിക്കലും പതറുകയില്ല. വരകൾക്കു വടിവുണ്ടാകാൻ കാരണം ഈ പതറാത്ത വിരലുകളാണ്. ഈ ഗുണമാണ് നമ്മളിൽ പലർക്കുമില്ലാത്തത്; എല്ലാ നല്ല ചിത്രകാരൻമാർക്കുമുള്ളതും.

ഗിയോട്ടോ എന്ന ചിത്രകാരനെ "ആധുനിക ചിത്രകലയുടെ പിതാവ്" എന്നു വിളിക്കാറുണ്ട്. ഇതിനുകാരണമെന്താണെന്നോ? ഇന്നത്തെ രീതിയിലുള്ള ചിത്രകല ഉണ്ടായത് ഗിയോട്ടോയുടെ കാലത്താണ്. ആ ചിത്രകാരൻെറ കൈയിൽ ഒരു കഷണം കടലാസും പെൻസിലും കൊടുത്ത് ഒരു വട്ടം വരക്കാൻ പറഞ്ഞാൽ, ഒററ വര! അതാ, ഒരുമുഴുവട്ടം! ഇത്ര എളുപ്പമാണെന്നു തോന്നുന്നുണ്ടോ, കൂട്ടുകാരേ? ഒന്നു ശ്രമിച്ചു നോക്കൂ. ഉപകര

ണങ്ങളൊന്നുമുപയോഗിക്കാതെ വെറും പെൻസിൽ കൊണ്ടു വേണം വട്ടം വരയ്ക്കാൻ. നിങ്ങാം വരച്ച വട്ടം ഒരിക്കലും ഒരു മുഴു വട്ടമാവില്ല. ഒന്നുകിൽ ഏതെങ്കിലും ഭാഗം പുറത്തേയ്ക്കുന്തി നിൽക്കും; അല്ലെങ്കിൽ അകത്തേക്കു വലിഞ്ഞു നിൽക്കും. നിരാശപ്പെടേണ്ട, കേട്ടോ! ചിത്രകാരൻമാരിൽതന്നെ എല്ലാവരും ഗിയോട്ടോമാരല്ല!

റോമിൽ പ്രസിദ്ധമായ ഒരു ദേവാലയമുണ്ട്; സിസ്റ്റൈൻ ദേവാലയം. അനേകം നൂററാണ്ടുകളായി മാർപ്പാപ്പമാർ പ്രാർത്ഥനയ്ക്കുപയോഗിക്കുന്ന സ്വകാര്യ ദേവാലയമാണത്. പതിനാറാം നൂററാണ്ടിലെ മാർപ്പാപ്പമാർക്കു ചിത്രങ്ങാം വളരെ ഇഷ്ടമായിരുന്നു. അവർ മൈക്കെലാഞ്ജലോ എന്ന പ്രസിദ്ധ ചിത്രകാരനെക്കൊണ്ടു ദേവാലയത്തിൻെറ ഉത്തരത്തിൻമേലും അംത്താരയ്ക്കു മുകളിലും ചിത്രങ്ങാം വരപ്പിച്ചു. വളരെ ബുദ്ധിമുട്ടി നാലഞ്ചുകൊല്ലം കൊണ്ടാണ് മൈക്കെലാഞ്ജലോ ആ ചിത്രങ്ങാം വരച്ചുതീർത്തത്. ഉത്തരത്തിൻമേലെ ചിത്രങ്ങാം വരയ്ക്കാനാണ് അദ്ദേഹം ഏററവും വിഷമിച്ചത്. സിസ്റ്റൈൻ ദേവാലയത്തിൻെറ ഉത്തരം ഒരു സാധാരണ കെട്ടിടത്തിൻെറ നാലാം നിലയുടെയത്ര ഉയരത്തിലാണ്. അതിനാൽ പൊക്കത്തിലുള്ള ഏറുമാടം കെട്ടിയുണ്ടാക്കി, അതിൻമേൽ കയറിക്കിടന്നു മേൽപ്പോട്ടു നോക്കിക്കൊണ്ടാണ് മൈക്കെലാഞ്ജലോ ഉത്തരത്തിൻമേൽ ചിത്രങ്ങാം വരച്ചത്. ബൈബിാം കഥകളുടെ ചിത്രങ്ങളാണ് എല്ലാം. ഈ ചിത്രങ്ങാം ഇന്നും കേടുപാടുകളൊന്നും കൂടാതെ നിലനിൽക്കുന്നുണ്ട്. അവയിലെ വരകളുടെ വടിവ് ഇന്നും കാണുന്നവരെയൊക്കെ അൽഭുതപ്പെടുത്തുന്നു. ഇതാ നോക്കൂ! മൈക്കലാഞ്ജലോയുടെ ചിത്രത്തിൻെറ ഒരു ഭാഗം. (ചിത്രം 5) ദൈവം ആദാമിനെ സൃഷ്ടിക്കുന്ന കഥയിലെ ആദാമിൻെറ തലയാണിത്. ഈ ചിത്രത്തെപ്പററി കുറച്ചുകൂടിപ്പറയാം, അൽപം കഴിഞ്ഞ്.



പ്രസിദ്ധനായ മറെറാരു ചിത്രകാരനായിരുന്നു ലിയനാർദോ ദാവിഞ്ചി. ലിയോനാർദോ ദാവിഞ്ചിയെപ്പററി നിങ്ങളിൽ ചിലരെങ്കിലും കേട്ടിട്ടുണ്ടാവും. 'ഒടുക്കത്തെ അത്താഴം', 'മോണാലിസ' മുതലായ പല പേരെടുത്ത ചിത്രങ്ങളും വരച്ചിട്ടുള്ള ആളാണദ്ദേഹം. ദാവിഞ്ചി ഒരു ചിത്രകാരൻ മാത്രമായിരുന്നില്ല, കേട്ടോ. അദ്ദേഹത്തിനു നന്നായി പാടാനറിയാമായിരുന്നു. പുതിയ പുതിയ യന്ത്രങ്ങാം കണ്ടുപിടിക്കുന്നതിൽ, കുട്ടികാംക്കുള്ള കളിക്കോപ്പുകാം നിർമ്മിക്കുന്നതിൽ, പ്രതിമകാം വാർക്കുന്നതിൽ—എല്ലാം തൽപ്പരനായിരുന്നു അദ്ദേഹം. ദാവിഞ്ചിക്ക് അറിയാ





ചിത്രം 5



ത്തതായി ഒന്നുമില്ലെന്നാണ് അദ്ദേഹത്തിൻെറ കാലത്തു പലരും വിശ്വസിച്ചിരുന്നത്. എന്നാൽ ഇന്നത്തെ ആളുകളെ ഏററവും അൽഭുതപ്പെടുത്തുന്നത് ഡാവിഞ്ചി കടലാസിൽ പെൻസിലും പേനയുമുപയോഗിച്ചു വരച്ച സ്കെച്ചുകളാണ്. എന്തിൻെറയെല്ലാം ചിത്രങ്ങളാണെന്നോ അദ്ദേഹം വരച്ചിരിക്കുന്നത്! ചെടികളുടെ ഭാഗങ്ങളുടെ ചിത്രങ്ങൾ, തള്ളയുടെ വയററിൽ കിടക്കുന്ന കുഞ്ഞിൻെറ ചിത്രങ്ങൾ, തിരമാലകളുടെ ചിത്രങ്ങൾ, കെട്ടുപിണഞ്ഞ മരക്കൊമ്പുകളുടെ ചിത്രങ്ങൾ, താൻ നിർമ്മിക്കാനുദ്ദേശിക്കുന്ന യന്ത്രങ്ങളുടെ ചിത്രങ്ങൾ...ചില ചിത്രങ്ങളുടെ കൂടെ അവ എന്തിൻെറ ചിത്രങ്ങളാണെന്നു പറയുന്ന എഴുത്തും കാ

ചിത്രം 6





ചിത്രം 7



ണാം. ഈ എഴുത്ത് ഒരു പ്രത്യേക രീതിയിലാണ്. ഭാഷ ഇററാ ലിയൻ തന്നെ. പക്ഷെ എഴുതിയിരിക്കുന്നത് ഹീബ്രുവും അറബിക്കും പേർഷ്യനും മററും എഴുതാറുള്ളമാതിരി വലത്തു നിന്നിടത്തോട്ടാണ്. ഈ രീതിയിൽ മലയാളത്തിൽ **സയൻസ്ക്രീം** എന്ന വാചകം ചിത്രം 6-ൽ എഴുതിക്കാണിച്ചിരിക്കുന്നു.

ഇങ്ങനെ എഴുതുന്നതിനെ 'കണ്ണാടിയെഴുത്ത്'' എന്നാണ് വിളിക്കുന്നത്. ചിത്രം 6-ലെ വാചകം ഒരു കണ്ണാടിയ്ക്കു നേരെ പിടിച്ചു നോക്കൂ. കണ്ണാടിയിലെ പ്രതിബിംബം ശരിയായ മലയാളത്തിലുള്ള ഒരു വാചകമായിരിക്കും. അത് എളുപ്പം വായിക്കുകയും ചെയ്യാം.

ചിത്രം 7-ൽ കാണിച്ചിരിക്കുന്ന ദാവിഞ്ചിയുടെ സ്കെച്ചുകാ നോക്കൂ. എന്തൊരുവരകാ! ഒരു ചിത്രകാരനെന്ന നിലയിലുള്ള ദാവിഞ്ചിയുടെ കഴിവുകാ മാത്രമല്ല, മനുഷ്യൻെറ മാംസപേശികളുടെ പ്രവർത്തനത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ അറിവും ഈ ചിത്രങ്ങളിൽ തെളിഞ്ഞുകാണാം.



അതേ, കൂട്ടുകാരേ. ഒരു ചിത്രം കാണുമ്പോഠം ആദ്യം പരിശോധിക്കേണ്ടത് അതിലെ വരകളാണ്. നിറമുള്ള ചിത്രങ്ങളിൽ ഈ വരകാ ബ്രഷുകൊണ്ടുള്ള വരകളായിരിക്കും. ചിത്രത്തിലെ ഓരോ വരയുടേയും വടിവു പരിശോധിക്കൂ. ചിത്രത്തിൻെറ മററു ഗുണങ്ങഠം പരിശോധിക്കുന്നതു പിന്നീടു മതി.

## ആഴവും പരപ്പും

ഇനി, ആദമിൻെറ തല ഒന്നുകൂടി പരിശോധിക്കൂ, കൂട്ടുകാരേ, മനുഷ്യരുടെ തലകാ വരയ്ക്കാൻ നിങ്ങളെല്ലാം ശ്രമിച്ചു കാണുമല്ലോ. നിങ്ങഠം വരയ്ക്കാറുള്ള തലകളും മൈക്കെലാഞ്ജലോ വരച്ച ഈ തലയും തമ്മിൽ വല്ല വ്യത്യാസവും കാണുന്നുണ്ടോ?


ഉണ്ട്. മൈക്കെലാഞ്ജലോ വരച്ച തല കടലാസിൽ നിന്നു പുറത്തേയ്ക്കു തള്ളിനില്ക്കുന്നതുപോലെ തോന്നുന്നു, അല്ലേ? അത് ഒരു പ്രതിമയുടെ തലയാണെന്നു പോലും തോന്നിപ്പോ

കുന്നു. എന്തുകൊണ്ടാണ് ഈ തോന്നലുണ്ടാകുന്നത്?

ചിത്രകാരൻെറ ഒരു വിദ്യയാണത്. നാം ചുററും കാണുന്ന വസ്തുക്കൾക്കു നീളമുണ്ട്; വീതിയുണ്ട്; മുഴുപ്പ് അല്ലെങ്കിൽ ആഴം എന്നൊരു ഗുണവുമുണ്ട്. എന്നാൽ ചിത്രം വരയ്ക്കുന്നതു കടലാസിൻമേലോ കാൻവാസിൻമേലോ മററോ ആണല്ലോ. കടലാസിനും ക്യാൻവാസിനും മററും നീളവും വീതിയും മാത്രമേയുള്ളു. ആഴമില്ല. എന്നിട്ടും അവയിൽ വരച്ച ചിത്രത്തിന് ആഴമുണ്ടെന്നു ചിത്രകാരൻ തോന്നിപ്പിക്കുന്നു, എങ്ങനെ ?

ആദമിൻെറ തല നോക്കൂ. ഒരു പ്രത്യേക ബിന്ദുവിൽ നിന്നു നോക്കുമ്പോൾ കാണുന്നരീതിയിലാണ് മൈക്കെലാഞ്ജെലോ ആ തല വരച്ചിരിക്കുന്നത്. ഈ ബിന്ദുവിൽ നിന്നു നോക്കുമ്പോൾ തലയുടെ എല്ലാ ഭാഗങ്ങളും കാണില്ല. മൈക്കെലാഞ്ജലോ എല്ലാ ഭാഗങ്ങളും കാണിച്ചിട്ടുമില്ല. ഇങ്ങനെ ചെയ്യുക വഴി ചിത്രത്തിൽ കാണുന്ന വസ്തുവിന് മുഴുപ്പുണ്ടെന്നു തോന്നിക്കാൻ കഴിയും. താഴെക്കൊടുത്തിരിക്കുന്ന ആനയുടെ ചിത്രം നോക്കൂ (ചിത്രം 9). വാലിന് മുകളിലുള്ള ഒരു ബിന്ദുവിൽ നിന്നു നോക്കുമ്പോൾ കാണുന്ന രീതിയിൽ ആനയെ വരച്ചിരിക്കുകയാണ്. ആനയുടെ ശരീരത്തിനു മുഴുപ്പുണ്ടെന്നു, അതായത് ചിത്രത്തിന് ആഴമുണ്ടെന്നു, നിങ്ങൾക്കു തോന്നുന്നില്ലേ?






ചിത്രം 9

ഇനി മററൊരു കാര്യം ശ്രദ്ധിക്കൂ. ചിത്രത്തിൻെറ ചില ഭാഗങ്ങൾ മൈക്കെലാഞ്ജലോ കറുപ്പിച്ചിരിക്കുന്നതു കണ്ടോ? ഇങ്ങിനെ കറുപ്പിക്കുന്നതിനെ 'ഷേഡുചെയ്യൽ' എന്നു വിളിക്കുന്നു. എന്നാൽ തോന്നിയതുപോലെ ചില ഭാഗങ്ങൾ കറുപ്പിച്ചാൽ മതിയോ? പോര, ഒരു പ്രത്യേക ഭാഗത്തുനിന്നു വെളിച്ചം വന്നു വസ്തുവിൻമേൽ വീഴുന്നുവെന്നു വിചാരിക്കുക. അപ്പോൾ വസ്തുവിൻെറ ചില ഭാഗങ്ങൾ വെളിച്ചത്തിൽ കുളിച്ചിരിക്കും. മററു ചില ഭാഗങ്ങൾ നിഴലിലായിരിക്കും. നിഴലിലുള്ള ഭാഗങ്ങൾ ഷേഡുചെയ്തു കറുപ്പിക്കുക. അതാണ് മൈക്കെലാഞ്ജലോ ചെയ്തിരിക്കുന്നത്.

ചിത്രത്തിന് ആഴമുണ്ടെന്നു തോന്നിക്കാൻ വേണ്ടി വേറെയും ചില സൂത്രപ്പണികൾ മൈക്കെലാഞ്ജലോ ചെയ്തിട്ടുണ്ട്. ആ സൂത്രപ്പണികളെന്തൊക്കെയാണെന്നു നിങ്ങൾതന്നെ കണ്ടുപിടിക്കൂ.

അകലെയുള്ള വസ്തുക്കൾ അടുത്തുള്ളവയേക്കാൾ ചെറുതാണെന്നു തോന്നും. അകലെ ആകാശത്തിൽ പറക്കുന്ന വിമാനം എത്ര ചെറുതാണെന്നാണ് നമുക്കു തോന്നുന്നത്! സൂര്യന് ഭൂമിയുടെ അനേകമിരട്ടി വലിപ്പമുണ്ട് എന്നു നമുക്കറിയാം. എന്നാൽ കാണുമ്പോൾ തോന്നുന്നതോ? അകലം കൂടുന്തോറും വസ്തുക്കൾ കൂടുതൽ കൂടുതൽ ചെറുതായി തോന്നുന്നുവെന്നർത്ഥം. മാത്രമല്ലാ അകലെയുള്ള വസ്തുക്കൾ അത്ര തെളിഞ്ഞുകാണുകയുമില്ല. അകലെയുള്ള വസ്തുക്കൾ തെളിഞ്ഞുകാണാതിരിക്കാൻ കാരണം, കാണുന്ന ആൾക്കും വസ്തുവിനുമിടയ്ക്കുള്ള വായുവിൻെറ മറയാണ്. ചിത്രങ്ങൾക്ക് ആഴമുണ്ടെന്നു തോന്നിക്കാൻ ഈ രണ്ടു കാര്യങ്ങളും വേണമെങ്കിലുപയോഗിക്കാം.

അപ്പോൾ ചിത്രങ്ങൾക്ക് ആഴമുണ്ടെന്നു തോന്നിക്കാനുള്ള വഴികളെന്തൊക്കെയാണ്? (1) ഒരു പ്രത്യേക ബിന്ദുവിൽ നിന്നു നോക്കുമ്പോൾ കാണുന്ന രീതിയിൽ രംഗം ചിത്രീകരിക്കുക. (2) ഒരു പ്രത്യേകഭാഗത്തു നിന്നു വെളിച്ചം വന്നു വീഴുന്ന രീതിയിൽ ചിത്രീകരിക്കുക. (3) അകലെയുള്ള വസ്തുക്കൾ ചെറുതാക്കിക്കാണിക്കുക. (4) അകലെയുള്ള വസ്തുക്കൾ അത്രതന്നെ തെളിച്ചുകാണിക്കാതിരിക്കുക. ചിത്രം 8 നോക്കൂ. വിൻസെൻറ് വാൻ ഗോഗ് എന്ന ഡച്ചുചിത്രകാരൻെറ 'കൊയ്ത്ത്' എന്ന ചിത്രം ശ്രദ്ധിച്ചു പഠിക്കൂ—ബ്രഷുകൊണ്ടുള്ള വരകൾ. ആഴം തോന്നിക്കുന്ന രീതി, എല്ലാം.



ചിത്രം 10



ഇപ്പറഞ്ഞ കാര്യങ്ങരം ആദ്യമായി മനസ്സിലാക്കിയത് നാലഞ്ചു നൂററാണ്ടുകരംക്കു മുമ്പ് ഇററലിയിൽ ജീവിച്ചിരുന്ന ചിത്രകാരൻമാരാണ്. പൌളോ യൂചെല്ലോ, ഉസാക്കിയോ എന്നീ രണ്ടു പേരുകരം പ്രത്യേകമോർത്തോളൂ. ആഴം തോന്നിക്കുന്ന ചിത്രങ്ങരം വരക്കുന്നതിൽ ആദ്യമായി വിജയിച്ചത് അവരാണ്.

എന്നാൽ ചിത്രങ്ങരംക്ക് ആഴം കൂട്ടുകയല്ല, കഴിയുന്നത്ര കുറക്കുകയാണ് വേണ്ടതെന്ന അഭിപ്രായക്കാരായ ചില ചിത്രകാരൻമാരും ഉണ്ടായിരുന്നു, കേട്ടോ.

വളരെക്കാലം മുമ്പുമുതൽക്കുതന്നെ ജപ്പാനിലും ചൈനയിലും ചിത്രങ്ങളുണ്ടാക്കാൻ ഒരു പ്രത്യേകമാർഗ്ഗം ഉപയോഗിച്ചുപോന്നിട്ടുണ്ട്. ചിത്രത്തിൻെറ രൂപം മരപ്പലകയിൻമേൽ കൊത്തുക. പിന്നീടു പലകയിൻമേൽ പല നിറങ്ങളുള്ള മഷി പുരട്ടിയശേഷം രൂപം കടലാസ്സിലേക്കു പകർത്തുക. ഇങ്ങിനെ ഉണ്ടാക്കുന്ന ചിത്രങ്ങളെ 'മരംകൊത്തിച്ചിത്രങ്ങരം' എന്നു വിളിക്കുന്നു. വളരെ ഭംഗിയുള്ള ചിത്രങ്ങളാണവ. ഉദാഹരണമായി വളരെക്കാലം മുമ്പു ജപ്പാനിൽ ജീവിച്ചിരുന്ന ഉത്താമാരോ എന്ന ചിത്രകാരൻെറ ഒരു മരംകൊത്തിച്ചിത്രം നോക്കൂ. (ചിത്രം 11)

**ഈ മരംകൊത്തിച്ചിത്രത്തിന് ആഴമേയില്ല. പരപ്പുമാത്രമേയുള്ളു! എന്നിട്ടും ചിത്രത്തിലെ രണ്ടു രൂപങ്ങൾ സുന്ദരികളായ രണ്ടു സ്ത്രീകളാണെന്നു തോന്നിയില്ലേ? അതാണ് ഉത്താമാരോയുടെ കൌശലം!**



ചിത്രം 11



**എത്ര ഭംഗിയുള്ള ചിത്രം, അല്ലേ? ചിത്രത്തിന്റെ ഭംഗിക്കുള്ള ഒരു കാരണം വരകളുടെ വടിവുതന്നെയാണ്. മററൊരു കാരണം വരകളുടെ 'പാറേറൺ' ആണ്. തുണിത്തരങ്ങളിൻമേലും**

പരവതാനികളിൻമേലും മററും വരകളുടെ പാറേറണുകരം നിങ്ങരം കണ്ടിട്ടില്ലേ, കൂട്ടുകാരേ? ഈ പാറേറണുകളിൽ ചിലതു കാണുമ്പോരം, "ഹായ്! നല്ല രസം!" എന്നു നിങ്ങരം പറഞ്ഞുപോകാറില്ലേ? വേണമെങ്കിൽ ഈ മരംകൊത്തിച്ചിത്രത്തെയും അതുപോലുള്ള ഒരു പാറേറൺ ആയി കണക്കാക്കാം. അതായത്, ചിത്രത്തിൽ രൂപങ്ങളുണ്ടെന്ന കാര്യം തന്നെ നമുക്കു മറക്കാം. എന്നാലും ചിത്രം ഭംഗിയുള്ളതാണെന്നുതന്നെ നമുക്കു തോന്നും. ഇതിൽനിന്ന് ഒരു കാര്യം മനസ്സിലാക്കാം. ചിത്രത്തിൻെറ ഭംഗിക്കു കാരണം അതിലെ രൂപങ്ങളല്ല, അതിലെ വരകളുടേയും നിറങ്ങളുടേയും പാറേറണുകളാണ്.

# ചിത്രങ്ങൾ പലതരം

ചിത്രങ്ങരം നിർമ്മിക്കാൻ പല വഴികളുമുണ്ട്. കരിയും ചായപ്പെൻസിലും മററുമുപയോഗിച്ചു ചുവരിൻമേലും, സ്ളേററുപെൻസിലുപയോഗിച്ച് സ്ളേററിലും, ചോക്കുകഷണമുപയോഗിച്ച് (പല നിറങ്ങളുള്ള ചോക്കുകഷണങ്ങളും വേണമെങ്കിലുപയോഗിക്കാം) ബ്ളാക്ക്ബോർഡിൻമേലും ചിത്രങ്ങരം വരക്കാം. ഇങ്ങനെ വരച്ച ചിത്രങ്ങരംക്ക് ഭംഗിക്കുറവൊന്നുമുണ്ടാകണമെന്നില്ല. പക്ഷേ ഒരു കുഴപ്പമുണ്ട്. ആ ചിത്രങ്ങരം ഏറെക്കാലം നിലനിൽക്കില്ല. ഇനി, ചിത്രകാരൻമാർ സാധാരണമായി ഉപയോഗിച്ചുവരുന്ന ചില രീതികളെക്കുറിച്ചു പറയാം. 23

ചിത്രമെഴുതാൻ ചായങ്ങരം വേണമല്ലോ. ഈ ചായങ്ങരം അലിയിച്ചു ചേർക്കാൻ ഒരു 'മാദ്ധ്യമ'വുംവേണം. വെള്ളം സാധാരണ ഉപയോഗിക്കാറുള്ള ഒരു മാദ്ധ്യമമാണ്. വെള്ളത്തിലലിയുന്ന പല ചായങ്ങളുമുണ്ട്. ചുവർചിത്രങ്ങരം വരക്കാൻ സാധാരണയായി ഈ ചായങ്ങളാണ് ഉപയോഗിക്കാറ്. ചിത്രമെഴുതുന്നതു വെള്ള പൂശിയ ചുവരിൻമേലാണ്. വെള്ള പൂശിയത് ഉണങ്ങുന്നതിനുമുമ്പുതന്നെ ചിത്രം വരച്ചുതീരണം. അതായത് വളരെവേഗം ചിത്രമെഴുതിത്തീരണം. ഈ ഏർപ്പാടിനെ 'ഫ്രെസ്കോ' എന്നു വിളിക്കുന്നു. മട്ടാഞ്ചേരിക്കൊട്ടാരത്തിലെയും പത്മനാഭപുരം കൊട്ടാരത്തിലെയും മററും ചുവർചിത്രങ്ങരം ഫ്രെസ്കോ ചിത്രങ്ങളാണ് സിസ്ററൈൻ ദേവാലയത്തിൽ

24



ചിത്രം 12



ചിത്രം 13

മൈക്കെലാഞ്ചലോ വരച്ച ചിത്രങ്ങളും ഫ്രെസ്കോ ചിത്രങ്ങൾ തന്നെ.

ലിയോണാർഡോ ഡാവിഞ്ചിയുടെ 'ഒടുക്കത്തെ അത്താഴ'വും ഒരു ചുവർചിത്രമാണ്. എന്നാൽ അത് ഫ്രെസ്കോ ചിത്രമല്ല. നല്ലപോലെ ഉണങ്ങിയ ചുവരിൻമേൽ ടെമ്പറ (ഇതെന്താണെന്നു പിന്നെപ്പറയാം) ഉപയോഗിച്ചാണ് ഡാവിഞ്ചി ആ ചിത്രം വരച്ചത്. അദ്ദേഹത്തിൻെറ ഒരു പരീക്ഷണമായിരുന്നു അത്. ആ പരീക്ഷണം ഒരു വിജയമായിരുന്നില്ല. ചിത്രം വരച്ചിട്ട് അമ്പതു കൊല്ലം കഴിഞ്ഞപ്പോഴേക്കും അതു നശിക്കാൻ തുടങ്ങി.

പ്രത്യേകം തയ്യാർ ചെയ്ത മരപ്പലകകളിൻമേൽ ചിത്രങ്ങൾ വരക്കുന്ന ഏർപ്പാടും പണ്ടുകാലം മുതൽക്കുതന്നെയുണ്ടായിരുന്നു. സാധാരണയായി ഇത്തരം ചിത്രങ്ങൾക്കു മാദ്ധ്യമമായി ഉപയോഗിക്കുന്നത് മുട്ടയുടെ അകത്തുള്ള മഞ്ഞക്കരു ആണ്. ഈ ഏർപ്പാടിനെ 'ടെമ്പറ' എന്നു വിളിക്കുന്നു. ടെമ്പറ ചിത്രങ്ങൾ കൂടുതലായി വരച്ചിരുന്നതു യൂറോപ്പിൽ പന്ത്രണ്ടു മുതൽ പതിനഞ്ചുവരെയുള്ള നൂററാണ്ടുകളിലാണ്.

ഗ്രീക്ക് ഓർഥഡോക്സ് സഭക്കാരായ ക്രിസ്ത്യാനികളുടെ പള്ളികളിൽ 'ഐക്കണുകൾ' എന്നു വിളിക്കുന്ന ഒരു ജാതി മത ചിത്രങ്ങൾ കാണാം. ടെമ്പറ ഉപയോഗിച്ചു മരപ്പലകകളിൻമേ ലാണ് ആ ചിത്രങ്ങൾ വരച്ചിരിക്കുന്നത്. ഇങ്ങനെ ചിത്രം വരക്കുക ഒട്ടുംതന്നെ എളുപ്പമല്ല. അതിനു പ്രത്യേകം പരിശീലനം ആവശ്യമാണ്.

എണ്ണച്ചായ ചിത്രങ്ങൾ എന്ന് കൂട്ടുകാർ കേട്ടിട്ടില്ലേ? ചിത്രങ്ങൾക്ക് എണ്ണ മാദ്ധ്യമമായി ഉപയോഗിക്കാമെന്നു കണ്ടു പിടിച്ചത് പതിനഞ്ചാം നൂററാണ്ടിൽ ഫ്ളാണ്ടേർസിൽ (ഇന്നത്തെ ബെൽജിയം) ജീവിച്ചിരുന്ന ഹ്യൂബർട്ട് വാൻ ഐക്ക്, ജാൻ വാൻ ഐക്ക് എന്നീ സഹോദരൻമാരാണ്. എണ്ണച്ചായങ്ങളുപയോഗിച്ച് കാൻവാസിൽ ചിത്രം വരക്കാൻ തുടങ്ങിയത് അവരാണ്. എണ്ണച്ചായച്ചിത്രങ്ങൾ വളരെക്കാലം ഈടുനിൽക്കും. കാലപ്പഴക്കം കൊണ്ടുചിത്രങ്ങൾക്കു മങ്ങൽ നേരിടാറുണ്ടല്ലോ. എണ്ണച്ചായ ചിത്രങ്ങളുടെ കാര്യത്തിൽ ഇത്തരം മങ്ങൽ നീക്കം ചെയ്യുക എളുപ്പമാണ്. അതിനാൽ പതിനഞ്ചാം നൂററാണ്ടിനുശേഷം കേമൻമാരായ മിക്ക ചിത്രകാരൻമാരും തങ്ങളുടെ ചിത്രങ്ങൾ എണ്ണച്ചായങ്ങളുപയോഗിച്ചു കാൻവാസിലാണ് വരച്ചുപോന്നിട്ടുള്ളത്. ഭാരതത്തിൽ എണ്ണച്ചായങ്ങളുപയോഗിച്ച് ചിത്രങ്ങൾ വരച്ച് ആദ്യമായി പേരെടുത്തത് മലയാളിയായ രാജാരവിവർമ്മയാണ്. അതിനാൽ നമ്മുടെ നാട്ടിലെ ചിത്രകലയുടെ ചരിത്രത്തിൽ രവിവർമ്മക്ക് വലിയ പ്രാധാന്യമുണ്ട്.

എണ്ണച്ചായങ്ങൾക്കു പകരം ജലച്ചായങ്ങളുപയോഗിച്ചും കാൻവാസിൽ ചിത്രം വരക്കാറുണ്ട്. കടൽ, കാട്ടുപ്രദേശങ്ങൾ, പൂങ്കാവനങ്ങൾ മുതലായ പ്രകൃതിയിലെ കാഴ്ചകൾ വരക്കാൻ പ്രത്യേകിച്ചും ജലച്ചായങ്ങൾ വളരെ പററിയവയാണ്. പത്തൊമ്പതാം നൂററാണ്ടിലെ ബ്രിട്ടീഷു ചിത്രകാരനായ ടേർണറുടെ ജലച്ചായ ചിത്രങ്ങൾ വളരെ പേരെടുത്തവയാണ്. ജലച്ചായങ്ങളുപയോഗിച്ച് അട്ടിക്കടലാസ്സിൻമേലും ചിത്രം വരക്കാം.

കൂട്ടുകാരേ, നിങ്ങൾ ചിത്രം വരച്ചു പഠിക്കുമ്പോൾ അട്ടിക്കടലാസ് ഉപയോഗിച്ചാൽ മതി കേട്ടോ. ജലച്ചായങ്ങളുപയോഗിക്കൂ. ഇതുകൊണ്ടു രണ്ടു മെച്ചങ്ങളുണ്ട്. ചെലവു ലാഭിക്കാം. ചുരുങ്ങിയ സമയംകൊണ്ട് ചിത്രം വരച്ചുതീർക്കുകയും ചെയ്യാം.

ജലമാദ്ധ്യമത്തിൻെറ ഒരു വകഭേദമാണ് 'ഗ്വാഷ്' എന്നത്. വെള്ളവും തേനും പശയും കൂട്ടിക്കുഴച്ചതിനെയാണ് ഗ്വാഷ് എന്നു വിളിക്കുന്നത്. ഇരുപതുകൊല്ലം മുമ്പു മരിച്ചു പോയ റുവാൽ എന്ന ഫ്രഞ്ചു ചിത്രകാരന് ഗ്വാഷ് മാദ്ധ്യമം വളരെ ഇഷ്ടമായിരുന്നു. ഇന്നും ചിത്ര രചനയ്ക്ക് ഗ്വാഷ് ധാരാളമായി ഉപയോഗിച്ചുപോരുന്നുണ്ട്.

കൂട്ടുകാരൊക്കെ ചായപ്പെൻസിൽ ഉപയോഗിച്ചു കടലാസിൽ ചിത്രം വരച്ചിട്ടുണ്ടാവുമല്ലോ. ഇങ്ങിനെ ചിത്രം വരക്കുക വളരെ എളുപ്പമാണ്, അല്ലേ കൂട്ടുകാരേ? ചായപ്പെൻസിൽ ചിത്രങ്ങളിലെ നിറങ്ങൾക്കു തിളക്കം കുറവായിരിക്കും. എങ്കിലും ചായപ്പെൻസിൽ ഉപയോഗിച്ചു കടലാസിൽ വരച്ച ചില ഒന്നാന്തരം ചിത്രങ്ങളുണ്ടായിട്ടുണ്ട്. ഇത്തരം ചിത്രങ്ങളെ 'പേസ്ററൽ ചിത്ര'ങ്ങളെന്നു വിളിക്കുന്നു. അടുത്ത ചിത്രം (ചിത്രം 16 ) നോക്കൂ മദാം പോംപദൂ എന്നു പേരായ ഒരു സ്ത്രീയുടെ ഛായാചിത്രമാണിത്. ഇരുനൂറു കൊല്ലം മുമ്പു കെന്താങ്ങ് ദലാതൂ എന്ന ചിത്രകാരനാണ് ഇതു വരച്ചത്. കടലാസ്സിൽ വരച്ച ഒരു വെറും ചായപ്പെൻസിൽ ചിത്രം. എങ്കിലും എന്തൊരു ചിത്രം!



പേരെടുത്ത മിക്ക ചിത്രങ്ങളും വളരെ വലിയവയാണ്. പുസ്തകങ്ങളിൽ ചിത്രങ്ങളുടെ പകർപ്പുകൾ മാത്രം കണ്ടിട്ടുള്ളവർ ശരിയായ ചിത്രങ്ങൾ ആദ്യമായി കാണുമ്പോൾ അവയുടെ വലിപ്പം കണ്ട് അമ്പരന്നുപോകാറുണ്ട്. മദാം പോംപദൂവിൻെറ ഈ ചിത്രത്തിനു രണ്ടു മീററർ നീളവും ഒന്നരമീററർ വീതിയുമുണ്ട്. പേരെടുത്ത പല ചിത്രങ്ങളും ഇതിനേക്കാൾ വളരെ വലിയവയാണ്. വെലാസ്കെസ് എന്ന സ്പാനിഷ് ചിത്രകാരൻെറ 'ലാസ്മെനീനാസ്' എന്ന ചിത്രം മാഡ്രിഡിലെ പ്രാദോ മ്യൂസിയ








ചിത്രം. 16




ത്തിലെ ഒരു വലിയ ഹാളിൻെറ ഒരു വശത്തെ ചുവർ മുഴുവൻ നിറഞ്ഞു നിൽക്കുന്നു. നാലര മീററർ നീളവും മൂന്നര മീററർ വീതിയും. അതിനാൽ പുസ്തകങ്ങളിലെ ചെറിയ പകർപ്പുകൾ മാത്രം കണ്ടാൽ ചിത്രങ്ങളെപ്പററിയുള്ള ശരിയായ ധാരണ കിട്ടില്ല. കൂട്ടുകാരേ, നിങ്ങളിലാരെങ്കിലും തിരുവനന്തപുരത്തോ, തൃശ്ശൂരിലോ, മദിരാശിയിലോ, മൈസൂരിലോ പോകുന്നുവെങ്കിൽ, അവിടത്തെ ചിത്രശാലകളിൽ പോയി അസൽ ചിത്രങ്ങൾ കാണണം. കേരളത്തിലെപട്ടണങ്ങളിലും ചിത്രങ്ങളുടെ പ്രദർശനങ്ങൾ ചിലപ്പോൾ നടക്കാറുണ്ട്. നിങ്ങൾ താമസിക്കുന്നതിനടുത്തുള്ള ഏതെങ്കിലും പട്ടണത്തിൽ ചിത്ര പ്രദർശനമുണ്ടെങ്കിൽ, അതുപോയിക്കാണണമെന്ന് അച്ഛനമ്മമാരെ നിർബന്ധിക്കൂ.

'കൊളാഷ്'' എന്നത് ഇരുപതാം നൂററാണ്ടിലെ ചിത്രകാരൻമാർ തുടങ്ങിവെച്ച ഏർപ്പാടാണ്. തുണിത്തരങ്ങൾ കടലാസുകഷ്ണങ്ങൾ മുതലായ വസ്തുക്കൾ ഒട്ടിച്ചു ചേർത്തു നിർമ്മി



കേരളീയ ചിത്രകാരനായ ശ്രീ. കെ. ജനാർദ്ദനന്റെ അക്കാദമി — സമ്മാനം നേടിയ ഒരു ഗ്രാഫിക്ക് (ചിത്രം 17)



ചിത്രം 18

ക്കുന്ന ചിത്രങ്ങളാണ് കൊളാഷ് എന്നു വിളിക്കുന്നത്. ഇന്നത്തെ ചിത്രകലാപ്രദർശന ഹാളിൽ കൊളാഷ് ചിത്രങ്ങൾ ധാരാളമായി കാണാൻ കഴിയും.

ചിത്രകലാപ്രദർശനങ്ങളിൽ കാണുന്ന മററൊരുതരം ചിത്രങ്ങൾ 'ഗ്രാഫിക്കു'കളാണ്. ഗ്രാഫിക്കുകൾ തന്നെ പലതരമുണ്ട്. ചിത്രം വരക്കുന്നതു ചില്ലിൻമേലാകാം; അല്ലെങ്കിൽ ലോഹത്തിൻമേലാകാം; അതുമല്ലെങ്കിൽ പ്രത്യേകതരം കല്ലിൻമേലാവാം; വെറും കടലിസിൻമേലുമാകാം. ചിലതരം ഗ്രാഫിക്കുകൾ നിർമ്മിക്കാൻ പ്രത്യേകപരിശീലനം വേണം. ഗ്രാഫിക്കുകളിൽ വരകൾക്കും അവയുടെ പാറേറണുകൾക്കും മാത്രമേ പ്രാധാന്യമുള്ളു. (ചിത്രം 17)

നിറം കൊടുത്ത കുപ്പിച്ചില്ലുകൾ കൂട്ടിച്ചേർത്തു ചിത്രങ്ങൾ നിർമ്മിക്കുക പഴയ കാലത്തു വളരെ സാധാരണമായിരുന്നു. യൂറോപ്പിലെ പഴയ പള്ളികളിലെ ജനലുകളിലും മററും ഇത്തരം ചിത്രങ്ങൾ കാണാം. ഇവയെ 'സ്ററെയിൻഡ് ഗ്ലാസ്' ചിത്രങ്ങളെന്നു വിളിക്കുന്നു. അസാധാരണമായ തിളക്കമാണ് സ്ററെയിൻഡ് ഗ്ലാസ് ചിത്രങ്ങളുടെ ഒരു പ്രത്യേകത. പതിനഞ്ചാം നൂററാണ്ടിനുശേഷം സ്ററെയിൻഡ് ഗ്ലാസ് ചിത്രരചന മറക്കപ്പെട്ട ഒരു കലയായിരുന്നു. ഇന്നത്തെ ചിത്രകാരൻമാർ ഈ കലയ്ക്കു പുതിയ ജീവൻ നൽകിയിട്ടുണ്ട്. (ചിത്രം 12)



പല നിറമുള്ള ചില്ലുകഷണങ്ങളുപയോഗിച്ചു ചിത്രങ്ങൾ നിർമ്മിക്കുന്നതുപോലെ, പല നിറമുള്ള ഇഷ്ടികകളുപയോഗിച്ചും ചിത്രങ്ങൾ നിർമ്മിക്കാം. ഇവയെ മൊസേക് ചിത്രങ്ങളെന്നു വിളിക്കുന്നു. ഇവയും പഴയ പള്ളികളിലാണ് അധികമുള്ളത്. താഴെക്കാണുന്നത് അവസാന വിധിസമയത്തെ ക്രിസ്തുവിൻെറ ഒരു ചിത്രമാണ്. സിസിലിയിലെ ഒരു പള്ളിയിലാണ് ഈ മൊസേക് ചിത്രമുള്ളത്. (ചിത്രം 18)

ചിത്രങ്ങൾ നിർമ്മിക്കാനാഗ്രഹിക്കുന്ന കൂട്ടുകാർക്ക് ഇവിടെപ്പറഞ്ഞ രീതികളിൽ ഏതു വേണമെങ്കിലും ഇഷ്ടംപോലെ സ്വീകരിക്കാം. വേണമെങ്കിൽ പുതിയ രീതികൾ കണ്ടുപിടിക്കുകയും ചെയ്യാം. കുറച്ചൊക്കെ കഴിവും പരിശീലനവുമുണ്ടെങ്കിലേ ചിത്രം നന്നാവുകയുള്ളു എന്നു മാത്രം.

ചിത്രങ്ങളിലുപയോഗിക്കുന്ന ചായങ്ങളെപ്പററിയും അൽപം പറയാം. പത്തൊമ്പതാം നൂററാണ്ടിൻെറ ആരംഭംവരെ പ്രകൃതിയിൽ സാധാരണ കാണുന്ന ചായങ്ങളായിരുന്നു ചിത്രരചനയ്

ക്ക് ഉപയോഗിച്ചിരുന്നത്. കഥകളിക്കാർ ഉപയോഗിക്കുന്ന മനയോലയും ചായില്യവും നീലവും ഇത്തരം ചായങ്ങളാണ്. അംട്രാമറൈൻനീലം, ഇന്ത്യൻമഞ്ഞ, വെറോണേസ് പച്ച, മുതലായ ചായങ്ങളാണ് ചിത്രകാരൻമാർ ഉപയോഗിച്ചിരുന്നത്. ഇത്തരം ചായങ്ങൾക്കു വില കൂടുതലായതുകൊണ്ടും, അവ കിട്ടാൻ വിഷമമായതുകൊണ്ടും ഇപ്പോൾ സാധാരണ ഉപയോഗിക്കുന്നതു കൃത്രിമ ചായങ്ങളാണ്. ഇതുകൊണ്ടു പല മെച്ചങ്ങളുമുണ്ട്. ഏതുനിറമുള്ള ചായം വേണമെങ്കിലും അങ്ങാടിയിൽ നിന്നു വാങ്ങാം. നിറങ്ങൾ കൂട്ടിക്കലർത്തി പുതിയ നിറങ്ങളുണ്ടാക്കാനും എളുപ്പമാണ്. ചില കൃത്രിമചായങ്ങളുടെ നിറം ചുരുങ്ങിയ കാലംകൊണ്ടു മങ്ങിപ്പോകും എന്നതാണ് ഒരു കുഴപ്പമുള്ളത്.

ഇതൊക്കെ കേൾക്കുമ്പോൾ ചിത്രരചന വളരെ രസകരമാണെന്നു നിങ്ങൾക്കു തോന്നുന്നില്ലേ, കൂട്ടുകാരേ? നിങ്ങൾക്കും ചിത്രകാരൻമാരാകണമെന്നു തോന്നുന്നില്ലേ? വേണം. എല്ലാ കൂട്ടുകാരും ചിത്രങ്ങൾ വരക്കണം. പക്ഷേ ഒരു കാര്യം.നിങ്ങൾക്കു ചിത്രം വരക്കാൻ വേണ്ടി വാരിക്കോരി പണം ചെലവാക്കാൻ രക്ഷിതാക്കൻമാരെ നിർബന്ധിക്കരുത്. അതിനുമാത്രം പണം അവരുടെ കൈയിലുണ്ടായെന്നു വരില്ല.



## ചിത്രങ്ങളിലെ നിറങ്ങൾ

പഴയ ചുവർചിത്രങ്ങൾ നമ്മുടെ നാട്ടിൽ പല സ്ഥലങ്ങളിലുമുണ്ടല്ലോ. കൂട്ടുകാരേ, അടുത്ത തവണ നിങ്ങൾ ഒരു ചുവർ ചിത്രം കാണുമ്പോൾ അതിലെ നിറങ്ങൾ ഒന്നു പരിശോധിച്ചു നോക്കൂ. അധികം നിറങ്ങളൊന്നും കാണില്ല. പച്ച കാണും. കറുപ്പും വെളുപ്പും മഞ്ഞയും മങ്ങിയ ചെമപ്പും കാണും. നീല പോലും അപൂർവമായേ കാണൂ. മററു നിറങ്ങൾ കാണാതിരിക്കാൻ കാരണമെന്താണെന്നോ? ആ നിറങ്ങളുള്ള ചായങ്ങൾ ചുവർ ചിത്രം വരച്ച ആളുടെ കൈയിലുണ്ടായിരുന്നില്ല എന്നതുതന്നെ. രണ്ടു നിറങ്ങൾ കൂട്ടിക്കലർത്തി പുതിയ നിറങ്ങൾ നിർമ്മിക്കാനും അവർക്കു കഴിഞ്ഞിരുന്നില്ല. അവരുടെ ചായങ്ങൾ തമ്മിൽ കൂടിക്കലരുന്ന തരത്തിലുള്ളവയായിരുന്നില്ല. ഇതുകൊണ്ടുകൂടിയാണ് പഴയ കാലത്തെ ചിത്രകാരൻമാർ നിറങ്ങളെക്കാൾ പ്രാ

ധാന്യം വരകൾക്കു നൽകിയത്.

ഇന്നത്തെ സ്ഥിതി നേരെ മറിച്ചാണ്. ഏതു നിറമുള്ള ചായം വേണമെങ്കിലും കിട്ടും. പച്ചയുടെ അനേകം വകഭേദങ്ങൾ, ചെമപ്പിൻെറ അനേകം വകഭേദങ്ങൾ, അങ്ങനെ. രണ്ടോ അതിലധികമോ നിറങ്ങൾ കൂട്ടിക്കലർത്തി പുതിയ നിറങ്ങളുണ്ടാക്കാനും ഇപ്പോൾ എളുപ്പമാണ്. ഈ ഏർപ്പാടിനെ 'വർണ്ണമിശ്രണ'മെന്നു വിളിക്കുന്നു.

കൂട്ടുകാരേ, നിങ്ങൾ നിറങ്ങളെപ്പററി ചിലതൊക്കെ അറിഞ്ഞിരിക്കുന്നത് ഏതായാലും നല്ലതാണ്. പിന്നീട് അതു നിങ്ങൾക്കുപകരിക്കും. മഴവില്ലിൻെറ നിറങ്ങളേതൊക്കെയാണെന്നു കൂട്ടുകാർ പരിശോധിച്ചിട്ടുണ്ടോ? അടുത്ത തവണ ഒരു മഴവില്ലു കാണുമ്പോൾ സൂക്ഷിച്ചു നോക്കൂ. ഒരററത്തു വയലററ്; മറേറ അററത്തു ചെമപ്പ്; ഇടയ്ക്ക് ഊത, നീല, പച്ച, മഞ്ഞ, ഓറഞ്ച്. ഇങ്ങിനെ ഏഴു നിറങ്ങൾ കാണും. ഇവയിൽ ചുവപ്പ്, മഞ്ഞ, നീല എന്നിവക്ക് ഒരു പേരുണ്ട്: പ്രാഥമികനിറങ്ങൾ. മററു നിറങ്ങളെയെല്ലാം ഈ നിറങ്ങളുടെ കലർപ്പുകളായി കണക്കാക്കാം. ആകെ എത്ര നിറങ്ങളുണ്ടെന്ന് ആരെങ്കിലും ചോദിച്ചാൽ നിങ്ങളെന്തു മറുപടി പറയും? നിങ്ങളുടെ എണ്ണത്തിനു കണക്കില്ല എന്നാണ് പറയേണ്ടത്. പച്ചതന്നെ എത്ര തരമുണ്ടെന്നോ! നിങ്ങളുടെ വളപ്പിലുള്ള പുല്ലുകളുടേയും മരങ്ങളുടെ ഇലകളുടേയും നിറങ്ങൾ പരിശോധിച്ചു നോക്കൂ. അപ്പോഴറിയാം. 35

ഓരോ നിറത്തിനും അതിൻേറതായ 'പൂരകനിറ'മുണ്ട്. നീലയുടെ പൂരകനിറം മഞ്ഞയാണ്.; ചെമപ്പിൻെറ പൂരകനിറം പച്ച. പൂരകനിറങ്ങൾ തൊട്ടടുത്ത് വരുമ്പോൾ, രണ്ടു നിറത്തിനും തിളക്കം കൂടുന്നതായി നമുക്കു തോന്നും. മോനെ എന്ന ചിത്രകാരൻെറ ചിത്രങ്ങൾ കണ്ടാൽ നിങ്ങൾ പറഞ്ഞുപോകും: "ഹായ്! നിറങ്ങൾക്ക് എന്തൊരു തിളക്കം!" മോനെയുടെ ചിത്രങ്ങളുടെ ഈ തിളക്കം ഒരു തോന്നൽ മാത്രമാണ്. ചിത്രത്തിൽ പൂരകനിറങ്ങൾ അടുത്തടുത്തു തേയ്ക്കുക വഴിയാണ് കാണികളിൽ ഈ തോന്നലുണ്ടാക്കുന്നത്.

പ്രാഥമികനിറങ്ങൾ മാത്രമേ ഉപയോഗിക്കൂ എന്ന നിർബന്ധക്കാരായ ചില ചിത്രകാരൻമാരുണ്ട്. മോനെ, സ്യൂറാ എന്നീ ചിത്രകാരൻമാർ ഇത്തരക്കാരായിരുന്നു, സ്യൂറായുടെ ചിത്രങ്ങൾക്കു മറെറാരു പ്രത്യേകതകൂടിയുണ്ട്. അതിൽ വരകളേയില്ല! നിറങ്ങളുടെ കുത്തുകളാണ് കാണുക! ഒററ ചിത്രത്തിൽ ലക്ഷക്കണക്കിനു കുത്തുകളുണ്ട്. കുത്തുകൾകൊണ്ടു മാത്രം ചിത്രം

നിർമ്മിക്കുക! എത്ര വിഷമമാണെന്നോർത്തുനോക്കൂ. അതെ വളരെ വിഷമിച്ചാണ് സ്യൂറാ ചിത്രങ്ങരം നിർമ്മിച്ചിരുന്നത്.

ചിത്രങ്ങളിൽ ഇന്ന നിറം ഉപയോഗിക്കാം, ഇന്ന നിറം ഉപയോഗിക്കരുത് എന്നൊരു നിയമമൊന്നുമില്ല. എന്നാൽ കടും ചെമപ്പ്, കടും നീല മുതലായ കടുത്ത നിറങ്ങളുപയോഗിക്കുമ്പോരം ഒരു കാര്യം ശ്രദ്ധിക്കാനുണ്ട്. ഇത്തരമൊരു നിറം ചിത്രത്തിൻെറ ഒരു മൂലയിൽ മാത്രമേ ഉപയോഗിച്ചിട്ടുള്ളുവെന്നു വയ്ക്കുക. ചിത്രം കാണുന്ന ആളുടെ കണ്ണ് ആ മൂലയിൽ കൂടുതൽ നേരം തങ്ങി നിൽക്കും. അതായത്, ചിത്രത്തിൻെറ എല്ലാ ഭാഗങ്ങളും ഒരേപോലെ അയാളുടെ കണ്ണിൽ പെടില്ല. ഇതല്ലല്ലോ വേണ്ടത്. ചിത്രം മുഴുവൻ ഒരേപോലെ കാണിയുടെ കണ്ണിൽ പെടണം. ഇതിന് ഒരു സൂത്രപ്പണിയുണ്ട്. ഒരു മൂലയിൽ ഒരു കടുത്ത നിറമുപയോഗിക്കുന്നുവെങ്കിൽ, അതിനുനേരെ എതിരായുള്ള മൂലയിലും അതേ നിറമുപയോഗിക്കുക. ഈ ഏർപ്പാടിനെ 'നിറങ്ങളെ ബാലൻസ് ചെയ്യുക' എന്നു വിളിക്കുന്നു.

ചില ചിത്രകാരൻമാർ ചില പ്രത്യേക നിറങ്ങളോടു പ്രതിപത്തി കാണിക്കാറുണ്ട്. വിൻസെൻറ് വാൻഗോഗിനു മഞ്ഞ നിറത്തോടു വലിയ പ്രതിപത്തിയായിരുന്നു. എന്നു വച്ചിട്ടു വാൻഗോഗിൻെറ എല്ലാ ചിത്രങ്ങളിലും ഒരേ മഞ്ഞനിറമല്ല കാ
36 ണുക. മഞ്ഞനിറത്തിൻെറ അസംഖ്യം വകഭേദങ്ങരം അദ്ദേഹത്തിൻെറ ചിത്രത്തിൽ കാണാം. (ചിത്രം 8, 10)

ഒരു നല്ല ചിത്രം സംഗീതം നല്ലപോലെയാണെന്നു പറയാറുണ്ട്: സപ്തസ്വരങ്ങരം കൂടിക്കലർന്നതാണ് സംഗീതം. അതേപോലെ ഏഴുനിറങ്ങരം — മഴവില്ലിൻെറ നിറങ്ങരം — കൂടിക്കലർന്നതാണ് ചിത്രം. സ്വരങ്ങരം തമ്മിൽ നല്ല ഇണക്കമുണ്ടാകുമ്പോഴാണ് സംഗീതത്തിനു 'ലയ'മുണ്ടാകുന്നത്. "ഓ! ആ പാട്ടിൽ ഞാൻ ലയിച്ചുപോയി!" എന്നു പറയുന്നതു കേട്ടിട്ടില്ലേ? അതേപോലെ ആളുകരം ചിത്രങ്ങളിലും ലയിച്ചുപോകാറുണ്ട്; അതായത്, മററെല്ലാം മറന്ന് ചിത്രം നോക്കിക്കൊണ്ടു നിന്നുപോകാറുണ്ട്. ഈ ലയത്തിനു പ്രധാനകാരണം നിറങ്ങരം തമ്മിലുള്ള ഇണക്കമാണ്.

ചേട്ടനു കുട്ടിക്കാലത്തു കൊച്ചുണ്ണിച്ചേട്ടനെന്നു പേരായ ഒരു ചങ്ങാതിയുണ്ടായിരുന്നു. ചായപ്പെൻസിൽ ഉപയോഗിച്ചു ചിത്രങ്ങരംക്കു ചായമിടാൻ ചേട്ടനും കൊച്ചുണ്ണിച്ചേട്ടനും, രണ്ടുപേർക്കും, വലിയ ഇഷ്ടമായിരുന്നു. എന്നാൽ ഞങ്ങരം രണ്ടുപേരും ചായമിടുന്ന രീതിയിൽ വ്യത്യാസമുണ്ടായിരുന്നു. സാധനങ്ങരം

ക്കു് സാധാരണ കാണുന്ന നിറംതന്നെ കൊടുക്കണമെന്നു ചേട്ടനു നിർബന്ധമായിരുന്നു: ആനയ്ക്കു കറുപ്പ്, ഇലയ്ക്കു പച്ച, ചെമ്പകപ്പൂവിനു മഞ്ഞ, അങ്ങനെ. കൊച്ചുണ്ണിച്ചേട്ടനു് അങ്ങനെയൊന്നുമില്ല. അയാൾ ഏതു സാധനത്തിനും അപ്പപ്പോൾ തോന്നിയ നിറം കൊടുക്കും. ഒരിയ്ക്കൽ കൊച്ചുണ്ണിച്ചേട്ടൻ ഒരാനയുടെ തലയ്ക്കു ചെമപ്പുനിറവും, ഉടലിനു മഞ്ഞനിറവും, കാലുകൾക്കു പച്ചനിറവുമാണ് കൊടുത്തത്. അതിനെപ്പററി ചേട്ടൻ കൊച്ചുണ്ണിച്ചേട്ടനെ കളിയാക്കിയപ്പോൾ, അയാൾ പറഞ്ഞതെന്താണെന്നോ? "എടോ, അതു ചിത്രത്തിലെ ആനയല്ലേ? ഏതു നിറമായാലെന്താ?" കൊച്ചുണ്ണിച്ചേട്ടന്റെ ആ വാക്കുകൾ കേട്ട ചേട്ടൻ അന്നു ചിരിച്ചുവെങ്കിലും, അയാൾ പറഞ്ഞതു ശരിയാണെന്ന് ഇപ്പോൾ തോന്നുന്നുണ്ട്. ചിത്രത്തിലെ ഒരു സാധനത്തിന് നാം സാധാരണ കാണുന്ന നിറം തന്നെ വേണമെന്ന് എന്താണിത്ര നിർബന്ധം? നിറം പോയിട്ട്, സാധാരണ കാണുന്ന രൂപം പോലും വേണമെന്നു നിർബന്ധമില്ല. ഏതു നിറമെങ്കിലുമാകട്ടെ! ഏതു രൂപം വേണമെങ്കിലുമാകട്ടെ! ആകെപ്പാടെ നോക്കിയാൽ ചിത്രം നന്നാകണം. അതാണ് പ്രധാനം, അല്ലേ? കൂട്ടുകാരുടെ അഭിപ്രായമെന്താണ്?



# ചിത്രങ്ങളുടെ ഘടന

ചിത്രത്തിന്റെ പല ഭാഗങ്ങളെ തമ്മിൽ കൂട്ടിയിണക്കേണ്ടതെങ്ങനെയാണെന്നും, ഏതു ഭാഗത്തിന് ഏതു രൂപമാണ് വേണ്ടതെന്നും ഏതു നിറമാണ് വേണ്ടതെന്നും മററും നിശ്ചയിക്കുന്നതിനെയാണ് 'ഘടന'യെന്നു വിളിക്കുന്നത്. കേമൻമാരായ ചിത്രകാരൻമാരെല്ലാം ചിത്രം വരയ്ക്കാൻ തുടങ്ങുന്നതിനു മുമ്പു തന്നെ അതിന്റെ ഘടന ആലോചിച്ചു തീരുമാനിച്ചിട്ടുണ്ടാവും. അവർ ആദ്യംതന്നെ ചിത്രത്തിന്റെ പല ഭാഗങ്ങളുടെ സ്കെച്ചുകൾ പെൻസിലോ പേനയോ ഉപയോഗിച്ചു വരയ്ക്കുന്നു. പിന്നീടു് ആ ഭാഗങ്ങളെയെല്ലാം കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു വലിയ സ്കെച്ചു വരയ്ക്കുന്നു. ഏതു ഭാഗത്തിന് ഏതു നിറമാണ് വേണ്ടതെന്ന് ആ വലിയ സ്കെച്ചിൽ അടയാളപ്പെടുത്തുന്നു. വലിയ ചിത്രം വരയ്ക്കാൻ തുടങ്ങുന്നതിനുമുമ്പ്, അതിലെ അതേ നിറങ്ങളുള്ള ഒരു ചെറിയ ചിത്രം വരച്ചുനോക്കി പരീക്-

ഷിക്കാനും ചില ചിത്രകാരൻമാർ — കേമൻമാർ തന്നെ-മടിക്കാറില്ല. ഇങ്ങനെ വളരെക്കാലത്തെ ആലോചനയ്ക്കും ആസൂത്രണത്തിനും ശേഷമാണ് കേമൻമാരായ മിക്ക ചിത്രകാരൻമാരും ചിത്രം വരയ്ക്കാൻ തുടങ്ങുന്നത്. ഇങ്ങനെ ചിത്രം 'പ്ളാൻ' ചെയ്യുന്നതിലാണ് പലപ്പോഴും ചിത്രകാരൻെറ കേമത്തം മുഴുവൻ കാണുന്നത്.

ഈ പുസ്കത്തിൽ കൊടുത്ത ചിത്രങ്ങളിൽ പലതും വാസ്തവത്തിൽ നിറമുള്ള ചിത്രങ്ങളാണ്. എന്നാൽ ആ ചിത്രങ്ങളുടെ നിറമില്ലാത്ത പകർപ്പുകളാണ് ഇവിടെ കൊടുത്തിരിക്കുന്നത്. ഈ വാസ്തവം കൂട്ടുകാർ മനസ്സിലാക്കിയിരിക്കുമല്ലോ. എന്നാൽ കേമൻമാരായ ചിത്രകാരൻമാരുടെ നിറമുള്ള ചിത്രങ്ങൾ കണ്ടാലെങ്ങിനെയിരിക്കുമെന്ന് കൂട്ടുകാർ അറിഞ്ഞിരിക്കേണ്ടതാണല്ലോ. അതിനുവേണ്ടി രണ്ടു ചിത്രങ്ങൾ, (പേജ് 28 29 ) സാമ്യമുള്ള നിറങ്ങളോടുകൂടി, ഇവിടെ കൊടുക്കുന്നു. ആദ്യം കൊടുത്തിരിക്കുന്നതു പതിനേഴാം നൂററാണ്ടിൽ ജീവിച്ചിരുന്ന റൂബെൻസ് എന്ന ചിത്രകാരൻെറ ഒരു ചിത്രമാണ്. രണ്ടാമതു കൊടുത്തിരിക്കുന്നതു പത്തൊമ്പതാം നൂററാണ്ടുകാരനായ പോൾ ഗൊഗിൻെറ 'താഹിനിയിലെ ഒരു കാഴ്ച' എന്ന ചിത്രമാണ്. നിറങ്ങൾ ഉപയോഗിച്ചിരിക്കുന്ന



രീതിയിലുള്ള വ്യത്യാസം കൂട്ടുകാർ ശ്രദ്ധിച്ചു പഠിക്കൂ. രണ്ടു ചിത്രകാരൻമാരും ഉപയോഗിച്ചിരിക്കുന്ന നിറങ്ങൾ തന്നെ വേറെയല്ലേ?

പിന്നെ കൂട്ടുകാർ തരം കിട്ടുമ്പോഴൊക്കെ കാഴ്ചബംഗ്ളാവുകളിൽ പോയി, അവിടെയുള്ള ചിത്രങ്ങൾ കാണണം, അവയിലെ നിറങ്ങൾ പരിശോധിക്കണം. തിരുവനന്തപുരം മുതലായ നഗരങ്ങളിൽ താമസിക്കുന്ന കൂട്ടുകാർക്ക് ഇത് എളുപ്പമായിരിക്കും. നിലമ്പൂർ, ആലത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് അത്രതന്നെ എളുപ്പമായിരിക്കില്ല. എന്നാൽ അവർക്കും ഒരു കാര്യം ചെയ്യാൻ കഴിയും. മാതൃഭൂമി ആഴ്ചപ്പതിപ്പിൻേറയും മററു വാരികകളുടേയും വാർഷികപ്പതിപ്പിലും ഓണപ്പതിപ്പിലും മററും ചിത്രങ്ങളുടെ നിറമുള്ള പകർപ്പുകൾ ചിലപ്പോൾ കൊടുക്കാറുണ്ട്. അവ ശ്രദ്ധിച്ചു പഠിക്കുന്നതും നല്ലതാണ്.

# ആരെപ്പോലെ ചിത്രം വരയ്ക്കണം

കൂട്ടകാരേ, ചിത്രങ്ങളെപ്പററി കൂടുതലായൊന്നും പറയാൻ ചേട്ടനുദ്ദേശമില്ല. ഇത്രയും പറഞ്ഞതുതന്നെ അധികമായില്ലേ എന്നാണ് ചേട്ടനു സംശയം.

കൂട്ടുകാരുടെ കൂട്ടത്തിൽ ചിത്രം വരയിൽ വാസനയുള്ള ധാരാളം പേർ കാണുമെന്നു ചേട്ടനു തീർച്ചയുണ്ട്. അത്തരം കൂട്ടുകാർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളാണ് ചേട്ടൻ ഇനി പറയാൻ പോകുന്നത്.

"ആരെപ്പോലെയാണ് ചിത്രം വരക്കേണ്ടത്?" ചിത്രം വരയിൽ വാസനയുള്ള കുട്ടികൾ സാധാരണ ചോദിക്കാറുള്ള ഒരു ചോദ്യമാണിത്. ഈ ചോദ്യത്തിൻെറ ഉത്തരം ചേട്ടൻ ഉറപ്പിച്ചു തന്നെ പറയാം: "കൂട്ടുകാരേ, നിങ്ങൾ ആരെപ്പോലെയും ചിത്രം വരക്കേണ്ട. നിങ്ങളിലോരോരുത്തനും അവനവനെപ്പോലെ ചിത്രം വരച്ചാൽ മതി". നിങ്ങൾക്ക് ഉള്ളിൽ തോന്നിയതുപോലെ വരച്ചോളൂ. നിങ്ങൾക്കു തോന്നിയ നിറങ്ങളുപയോഗിച്ചോളൂ. അതുകൊണ്ട് ഒരു കുഴപ്പവും വരില്ല. നിങ്ങൾ വരച്ച ചിത്രം മററുള്ളവർക്കിഷ്ടപ്പെട്ടോ എന്ന് ഒരിക്കലും ചോദിക്കയും വേണ്ട. ചിത്രം നിങ്ങൾക്കുതന്നെ ഇഷ്ടപ്പെട്ടോ? എങ്കിൽ അതു മതി. അതുതന്നെ ധാരാളമായി.

കൂട്ടുകാർ ഒരിക്കലും മുതിർന്നവരെപ്പോലെ ചിത്രം വരയ്ക്കാൻ ശ്രമിക്കരുത്. നിങ്ങൾക്കറിയാമോ? മുതിർന്നവരിൽ പലരും കുട്ടികളെപ്പോലെ ചിത്രം വരയ്ക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. പാവങ്ങൾ! അവർക്കു കുട്ടികളെപ്പോലെ ചിത്രം വരക്കാൻ കഴിയുന്നില്ല. വേണമെങ്കിൽ കേട്ടോളൂ. നടന്ന ഒരു സംഭവം പറയാം.

1946—ൽ ബ്രിട്ടനിലേയും ഫ്രാൻസിലേയും കുട്ടികൾ വരച്ച ചിത്രങ്ങളുടെ ഒരു പ്രദർശനം ഉദ്ഘാടനം ചെയ്യാൻ പിക്കാസോയെ ക്ഷണിച്ചു. പ്രദർശനത്തിൽ കണ്ട കുട്ടികളുടെ ചിത്രങ്ങൾ പിക്കാസോയ്ക്കു വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹം പറ

യുകയാണ്: "ഈ കുട്ടികളുടെ പ്രായത്തിൽ ഞാൻ റാഫേലിനെപ്പോലെയാണ് ചിത്രം വരച്ചിരുന്നത്. ഇവരെപ്പോലെ ചിത്രം വരയ്ക്കാൻ പഠിക്കാൻ എനിക്കു പിന്നെയും പത്തുകൊല്ലം വേണ്ടി വന്നു". പിക്കാസോയുടെ കുട്ടിക്കാലത്ത് "റാഫേലിനെപ്പോലെ ചിത്രം വരക്കാ"നാണ് മുതിർന്നവർ അദ്ദേഹത്തെ ഉപദേശിച്ചിരുന്നത്. അതിനാൽ അദ്ദേഹം റാഫേലിനെപ്പോലെ ചിത്രം വരച്ചുതുടങ്ങി. പിന്നീടാണ് പിക്കാസോയ്ക്കു തോന്നിയത്, "അയ്യോ! അബദ്ധം പററിപ്പോയി. ഇങ്ങനെയല്ല വേണ്ടത്. കുട്ടികളെപ്പോലെയാണ് ചിത്രം വരക്കേണ്ടത്". കുട്ടികളെപ്പോലെ ചിത്രം വരയ്ക്കാൻ അപ്പോഴേയ്ക്കും പിക്കാസോ മറന്നുപോയിരുന്നു. അങ്ങനെ ചിത്രം വരയ്ക്കാൻ വീണ്ടും പഠിക്കേണ്ടിവന്നു. അതിനു പത്തുകൊല്ലമെടുത്തു.

ചേട്ടൻെറ കുട്ടിക്കാലത്ത് എല്ലാവർക്കും ബഹുമാനം രാജാ രവിവർമ്മയെയായിരുന്നു. അന്ന് ചിത്രം വരയിൽ വാസനയുള്ള കുട്ടികളെ അച്ഛനമ്മമാർ ഉപദേശിക്കുക പതിവായിരുന്നു: "രവിവർമ്മയെപ്പോലെ ചിത്രം വരയ്ക്കണം" സ്ക്കൂളിൽ ചേട്ടൻെറ കൂടെ പഠിച്ചിരുന്നവരിൽ പലരും ചിത്രം വരയിൽ വാസനയുള്ളവരായിരുന്നു. അവരെല്ലാം രവിവർമ്മയെപ്പോലെ ചിത്രം വരയ്ക്കാൻ ശ്രമിച്ചു. ഒററ ആരം പോലും നല്ല ചിത്രകാരനായില്ല! അവർക്കു പററിയ അബദ്ധം കൂട്ടുകാർക്കു പററരുത്. അതുകൊണ്ടാണ് പറയുന്നത്, "നിങ്ങരം കുട്ടികളെപ്പോലെ ചിത്രം വരച്ചാൽ മതി. ഓരോരുത്തനും അവനവനെപ്പോലെ ചിത്രം വരച്ചാൽ മതി".

ലിനെ
ചിത്രം
ം വേ
ലിനെ
ഹത്തെ
നപ്പോ
യ്ക്കു
നയല്ല
കുട്ടി
ാസോ
ീണ്ടും

രാജാ
സനയു
രുന്നു:
ൽ ചേട്ട
വാസ
ചിത്രം
കാരനാ
രുത്.
ല ചി
ചിത്രം






ഇതാ നോക്കൂ, ഒരു കാട്ടുപോത്തിൻെറ ചിത്രം! 15000 കൊല്ലം മുമ്പ് ജീവിച്ചിരുന്ന കാട്ടുമനുഷ്യർ ഗുഹാചുമരുകളിൽ വരച്ചതാണ്. പിന്നീട് മനുഷ്യർ ഒട്ടേറെ ചിത്രങ്ങൾ വരച്ചിട്ടുണ്ട്. പലതരത്തിലുള്ള ചിത്രങ്ങൾ. പുകൾ പെററ ചിത്രകാരൻമാരുണ്ടായിട്ടുണ്ട്. ചിത്രങ്ങളുടെ ലോകം അതീവ സുന്ദരമാണ്. വിജ്ഞാനപ്രദവും ചിത്രങ്ങളുടെ അൽഭുത സുന്ദര ലോകത്തിലൂടെ ഒന്നു യാത്ര നടത്താം കൂട്ടുകാരെ.



**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**